# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**

വാല്യം 43 ലക്കം 2
വാർഷിക വരിസംഖ്യ ₹100

Vol 43 No. 2
Annual Subscription ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

മാർച്ച് 2025



**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**

"കുരിശുമരണംവരെ
പിതാവിന്റെ ഹിതം നിറവേറ്റിയ
പ്രിയ സുതനെ മരണത്തോളം
അനുഗമിച്ച പരിശുദ്ധ മാതാവേ,
ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും
ദൈവേഷ്ടം നിറവേറ്റുവാൻ
ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.
ആമ്മേൻ."

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 43 No. 2**

**വാല്യം 43 ലക്കം 2 നോമ്പുകാലം മാർച്ച് 2025**


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാങ്ങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- നോമ്പുകാലവും സത്കൃത്യങ്ങളും 5
- നാല്പതാം വെള്ളി 9
- ഹോമം 12
- വിശ്വാസപ്രമാണം: ഒരു ധ്യാനാത്മകവായന 15
- നമ്മുടെ പ്രത്യാശ ദൈവത്തിൽ 18
- സെനക്കിൾ തരംഗം 20
- അവൾ പുല്ലു തിന്നുകയാണ് 21
- യോഹായാദാ 23
- മടുപ്പുകൂടാതെ വീണ്ടും തുടങ്ങുക 26
- കർത്താവാണെൻ ബലം 28
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ



# മുറിവിനാൽ മുറിവുണക്കുന്നവൻ


ഒരുവശത്ത് ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ ലോകം മുന്നേറുമ്പോൾ മറുവശത്ത് മനുഷ്യർ മൃഗങ്ങളേക്കാൾ അധഃപതിക്കുന്ന സംഭവങ്ങളാണ് വാർത്തകളിൽ നിറയുന്നത്. നിസ്സഹായരും നിഷ്കളങ്കരുമായ പിഞ്ചുകുഞ്ഞുങ്ങളെപ്പോലും മരണത്തിലേക്കും അനാഥത്വത്തിലേക്കും പട്ടിണിയിലേക്കും ദുരിതങ്ങളിലേക്കും കടത്തിവിടുന്ന യുദ്ധങ്ങൾ... അപ്പനും അമ്മയും മക്കളും സഹോദരങ്ങളും സ്നേഹിതരും ശത്രുക്കളുമുൾപ്പെടെ ആരേയും കൊല്ലാൻ മടിയില്ലാത്ത മനുഷ്യജന്മങ്ങൾ... തങ്ങളുടെ വിശ്വാസസംഹിതകളിൽ വിശ്വസിക്കാത്തവരെ മൃഗങ്ങൾക്കുതുല്യം കഴുത്തറുത്തു കൊല്ലുന്നവർ... കാരുണ്യത്തിന്റെയും സൗഖ്യത്തിന്റെയും സ്പർശനമേകേണ്ട കരങ്ങൾകൊണ്ട്, മുറിവുണക്കേണ്ട കരങ്ങൾകൊണ്ട്, സഹചരുടെ മേനിയിൽ മുറിവുണ്ടാക്കി അവരുടെ വേദന നിറഞ്ഞ നിലവിളിയിൽ ആഹ്ലാദിക്കുന്നവർ... ഭീകരതയുടെയും മയക്കുമരുന്നിന്റെയും പിൻബലത്തിൽ ചെയ്തുകൂട്ടുന്ന ഇത്തരം നിഷ്ഠൂരമായ ക്രൂരതകളെ വിശേഷിപ്പിക്കാൻ ഭാഷകൾപോലും അപര്യാപ്തം...!

ആരേയും മുറിപ്പെടുത്താതെ, എന്നാൽ സ്വന്തം ശരീരത്തിലേറ്റ മുറിവുകളാൽ പാപം മനുഷ്യനിലേല്പിച്ച മുറിവുകളെ സുഖപ്പെടുത്തിയ ദൈവപുത്രന്റെ പീഡാനുഭവമരണത്തിന്റെ ഓർമ്മകൾ മനനം ചെയ്യുന്ന നോമ്പുകാലത്തിലേക്കു നാം പ്രവേശിക്കുകയാണ്. നിഷ്കളങ്കമായ സ്നേഹം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ലോകത്തിനു മുമ്പിൽ കാൽവരിയിൽ ഉയർന്ന കുരിശ് ഒരു മാതൃകയായി നിലകൊള്ളുന്നു. മനുഷ്യമക്കളോടുള്ള ദൈവത്തിന്റെ അനന്തമായ സ്നേഹമാണല്ലോ രക്തത്തുള്ളികളായി കുരിശിൽ ഇറ്റിറ്റുവീണത്.

കുരിശിലേക്കും ക്രൂശിതനിലേക്കും മിഴികളുയർത്താം. അവിടെ സ്നേഹമുണ്ട്, സഹനമുണ്ട്, സഹാനുഭൂതിയുണ്ട്, ക്ഷമയുണ്ട്, അനുസരണമുണ്ട്, എളിമയുണ്ട്... പുണ്യങ്ങളുടെ നടുവിൽ ഉയർന്നുനില്ക്കുന്ന ദൈവപുത്രന്റെ കുരിശോടു ചേർന്നുനിന്ന് സ്നേഹത്തിന്റെ പാഠങ്ങൾ നമുക്കു പഠിക്കാം; പ്രാവർത്തികമാക്കാം.

ചീഫ് എഡിറ്റർ

# നോമ്പുകാലവും സത്കൃത്യങ്ങളും



റവ. മല്പാൻ മാത്യു വെള്ളാനിക്കൽ




**പ**രിശുദ്ധ കുർബാനയർപ്പണത്തിന്റെ ആരംഭത്തിൽ ദൈവഭവനമായ സ്വർഗത്തിന്റെ പ്രതീകമായ മദ്ബഹായുടെ വിരി തുറക്കുന്നതിനു മുമ്പുള്ള പ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലുന്നു: “ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യട്ടെ”. തന്റെ പക്കലേക്ക് ഇറങ്ങിവരുന്ന ദിവ്യമണവാളനായ ഈശോയെ സ്വീകരിക്കുവാൻ ഒരുങ്ങിനില്ക്കുന്ന മണവാട്ടിയായ സഭയുടെ പ്രാർത്ഥനയായിട്ടാണ് ഈ പ്രാർത്ഥനയെ നാം കാണുന്നത്. സഭയാകുന്ന മിശിഹായുടെ മണവാട്ടി ഒരുങ്ങി നില്ക്കേണ്ടത് സത്കൃത്യങ്ങളാൽ അലംകൃതയായിട്ടാണ്. ഈ സത്കൃത്യങ്ങളാൽ സ്വയം അലങ്കരിക്കുവാൻ സഭയ്ക്കു നല്കപ്പെടുന്ന ആരാധനക്രമവത്സര കാലഘട്ടമാണ് നോമ്പുകാലം. ഈ സത്കൃത്യങ്ങളിൽ പ്രാധാന്യമർഹിക്കുന്നവയാണ് ധർമ്മദാനവും പ്രാർത്ഥനയും ഉപവാസവും. ഇവയെപ്പറ്റി ഈശോതന്നെ പഠിപ്പിക്കുന്ന സുവിശേഷഭാഗമാണ് വി. മത്തായിയുടെ സുവിശേഷം ആറാം അദ്ധ്യായം ഒന്നു മുതൽ പതിനെട്ടുവരെയുള്ള വാക്യങ്ങൾ.

**കപടനാട്യം ഒഴിവാക്കണം**

യഹൂദനേതൃത്വത്തെ കപടനാട്യക്കാരെന്നു വിശേഷിപ്പിച്ചുകൊണ്ട് ധർമ്മദാനം, പ്രാർത്ഥന, ഉപവാസം എന്നിവയിൽ അവർ കാണിക്കുന്ന കപടനാട്യം ഈശോ തുറന്നുകാണിക്കുന്നു. ധർമ്മദാനം ചെയ്യുമ്പോൾ മറ്റുള്ളവരിൽനിന്നു പ്രശംസ ലഭിക്കാൻ അവർ കാഹളം മുഴക്കുന്നു (6,2); പ്രാർത്ഥിക്കുമ്പോൾ മറ്റുള്ളവരെ കാണിക്കാൻവേണ്ടി പൊതുസ്ഥലങ്ങളിൽനിന്നു പ്രാർത്ഥി

ക്കുന്നു (6,5); ഉപവസിക്കുമ്പോൾ അന്യരെ കാണിക്കാൻവേണ്ടി മുഖം വികൃതമാക്കുന്നു (6,16). ഈ മൂന്നു സത്പ്രവൃത്തികളും നാം ചെയ്യേണ്ടത് സഹോദരങ്ങളുടെ നന്മയ്ക്കും ദൈവമഹത്ത്വത്തിനുംവേണ്ടിയാണ്. ദൈവത്തിനു മഹത്ത്വം നല്കണമെന്നും ലോകത്തിനു പ്രകാശമായിത്തീരണമെന്നും ഈശോ അവരെ ഉദ്ബോധിപ്പിക്കുന്നു: "അപ്രകാരം, മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5,16).

**1. ധർമ്മദാനം**



ധർമ്മദാനം രഹസ്യത്തിലായിരിക്കണമെന്ന് ഈശോ തന്റെ ശിഷ്യരോടും അനുയായികളോടും ആവശ്യപ്പെടുന്നു. ആ നന്മപ്രവൃത്തിയുടെ രഹസ്യാത്മകത കാണിക്കാൻ വേണ്ടിയാണ് ഇടത്തുകൈ പോലും അറിയാതെ വലത്തുകൈ ദാനധർമ്മം നടത്തണമെന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്. ഇടത്തുകൈ ഒരാളുടെ ഏറ്റവും അടുത്ത സുഹൃത്തിന്റെ പ്രതീകമാണെന്നും, ഈ ഏറ്റവും അടുത്ത സ്നേഹിതൻപോലും അറിയാതെയായിരിക്കണം തന്റെ ശിഷ്യന്മാരുടെ ദാനധർമ്മമെന്നും ഈശോ പഠിപ്പിക്കുകയാണ്. രഹസ്യത്തിൽ, ആരുടെയും ശ്രദ്ധയിൽ പെടാതെ ദാനധർമ്മം ചെയ്യുമ്പോൾ, രഹസ്യത്തിൽ അതു കാണുകയും അറിയുകയും ചെയ്യുന്ന സ്വർഗസ്ഥനായ പിതാവ് പ്രതിഫലം പരസ്യമായി നല്കുമെന്നാണ് ഈശോ ഇവിടെ പറയുന്നത്. പഴയനിയമം ദാനധർമ്മത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്: "ഭൂമിയിൽ ദരിദ്രൻ എന്നും ഉണ്ടായിരിക്കും. ആകയാൽ, നിന്റെ നാട്ടിൽ വസിക്കുന്ന അഗതിയും ദരിദ്രനുമായ നിന്റെ സഹോദരനുവേണ്ടി കൈയയച്ചു കൊടുക്കുക എന്നു ഞാൻ നിന്നോടു പറയുന്നു" (നിയ 15,11). രഹസ്യത്തിൽ ചെയ്യുന്ന പരോപകാരപ്രവൃത്തികൾക്കാണ് ദൈവസന്നിധിയിൽ വിലയുള്ളത്.

**2. പ്രാർത്ഥന**

പ്രാർത്ഥനയെപ്പറ്റി രണ്ടു നിർദ്ദേശങ്ങളാണ് ഈശോ നല്കുന്നത്. 1. മറ്റുള്ളവരെ കാണിക്കാനും അവരുടെ പ്രശംസ ലഭിക്കാനും വേണ്ടിയാകരുത്; 2. പ്രാർത്ഥന അതിഭാഷണമാകരുത്. നിശ്ചിതപ്രാർത്ഥനകൾ നിശ്ചിത സമയങ്ങളിൽ മറ്റുള്ളവർക്കു കാണാവുന്നവിധം സിനഗോഗുകളിലും വഴിയിറമ്പുകളിലും നിർവഹിക്കുന്ന പതിവ് യഹൂദരുടെയിടയിലുണ്ടായിരുന്നു. അതു പലപ്പോഴും കപടനാട്യമായിത്തീരുമായിരുന്നു. കാരണം അവരുടെ ലക്ഷ്യം അവർ പ്രാർത്ഥിക്കുന്ന മനുഷ്യരായി മറ്റുള്ളവരാൽ കരുതപ്പെടുകയും പ്രശംസ ലഭിക്കുകയും ചെയ്യുക എന്നതായിരുന്നു. പൊതുവായ പ്രാർത്ഥനകൾ വേണ്ട എന്നല്ല ഈശോ പറയുന്നത്. മറ്റുള്ളവരുടെ പ്രശംസ ലഭിക്കുവാൻ വേണ്ടിയാകരുത് എന്നാണുദ്ദേശിക്കുന്നത്. ഈശോയും പരസ്യമായി പ്രാർത്ഥിക്കുന്ന സന്ദർഭങ്ങൾ നാം കാണുന്നുണ്ട് (മത്താ 11,25; യോഹ 11,41-42). ഏകാഗ്രതയോടുകൂടി ദൈവതിരുമുമ്പിൽ പ്രാർത്ഥിക്കണമെന്നാണ് അവിടുന്ന് ആവശ്യപ്പെടുന്നത്. മുറിയിൽ കടന്നു പ്രാർത്ഥിക്കണമെന്നു പറയുന്നിടത്ത് ഉപയോഗിച്ചിരിക്കുന്നത് ഉൾമുറി എന്നർത്ഥം വരുന്ന 'താമെയിയോൻ' എന്ന ഗ്രീക്കുവാക്കാണ്. അതുപോലെതന്നെ വിജാതീയരെപ്പോലെ അതിഭാ

ഷണവും വേണ്ട എന്നു പറയുന്നു. കാരണം, നാം ചോദിക്കുന്നതിനുമുമ്പേ നമുക്കാവശ്യമുള്ളത് അറിയുന്നവനാണു ദൈവം.

**ഈശോ പഠിപ്പിച്ച പ്രാർത്ഥന**

'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയുടെ രണ്ടു രൂപങ്ങൾ രണ്ടു സുവിശേഷങ്ങളിലായി നമുക്കു ലഭിച്ചിട്ടുണ്ട്. മത്താ 6,9-15 ൽ ഉള്ളത് ദൈർഘ്യമുള്ളതും ലൂക്കാ 11,2-4 ൽ ഉള്ളത് ചെറുതുമാണ്. രണ്ടു പേരുടെയും സുവിശേഷങ്ങളിലുള്ള ഈ പ്രാർത്ഥനാരൂപം അവരവരുടെ ക്രിസ്തീയസമൂഹത്തിൽ നിലനിന്നിരുന്നതുപോലെ ചേർത്തതായിരിക്കാം. ദൈവം പിതാവായതിനാൽ തന്റെ മക്കളായ മനുഷ്യരുടെ കാര്യത്തിൽ തല്പരനാണ്. സ്വർഗസ്ഥനായതുകൊണ്ട് തന്റെ മക്കൾക്കു വേണ്ടതു ചെയ്തുകൊടുക്കാൻ പ്രാപ്തനുമാണ്. 'അങ്ങയുടെ നാമം പൂജിതമാകണമേ' എന്ന പ്രാർത്ഥന യുഗാന്തസ്വഭാവമുള്ളതാണ്. 'അങ്ങയുടെ രാജ്യം വരണമേ' എന്നു പ്രാർത്ഥിക്കുന്നതിന്റെ അർത്ഥം, ഈശോയുടെ വാക്കുകളും പ്രവൃത്തികളുംവഴി ഭൂമിയിൽ ആരംഭിച്ച ദൈവികഭരണം അതിന്റെ പൂർണതയിൽ എത്തിക്കണമേ എന്നാണ്. ദൈവത്തിന്റെ രക്ഷാകരപദ്ധതി പൂർണമാക്കപ്പെടുന്ന ദിവസത്തെ ലക്ഷ്യമാക്കിയുള്ള അപേക്ഷയാണ് 'അങ്ങയുടെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ' എന്നത്.

'അന്നന്നത്തെ അപ്പം ഇന്നു ഞങ്ങൾക്കു നല്കണമേ' എന്ന അപേക്ഷയോടുകൂടി ദൈവികതലത്തിൽനിന്ന് മാനുഷികതലത്തിലേക്കു കടക്കുന്നു. മനുഷ്യന്റെ ഭൗമിക ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് അനുദിനജീവിതത്തിനുള്ള ആഹാരമാണ്. അതു പ്രദാനം ചെയ്യണമെന്നാണ് ഇവിടെ പ്രാർത്ഥിക്കുന്നത്. ആത്മീയഭക്ഷണമായ ദിവ്യകാരുണ്യ അപ്പത്തിനുവേണ്ടിയുള്ള പ്രാർത്ഥനയാണ് ഇതെന്നും വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ദൈവം കാരുണ്യവാനാണ്. തെറ്റു ചെയ്യുന്നവരോട് അവിടുന്നു ക്ഷമിക്കുന്നു. അവിടുത്തെ മക്കളായ നമ്മളും മറ്റുള്ളവരോടു ക്ഷമിക്കണമെന്ന് അവിടുന്ന് ആവശ്യപ്പെടുന്നു. ദൈവത്തിനെതിരേ തെറ്റു ചെയ്ത മനുഷ്യവംശത്തിന് അവിടുന്നുമായി രമ്യതയിലെത്താൻ കഴിയാതിരുന്നതിനാൽ, ദൈവം തന്റെ പുത്രനെ അയച്ച് രമ്യതയുടെ ശുശ്രൂഷ പൂർത്തിയാക്കി. ഇവിടെയാണ് കുരിശിന്റെ രഹസ്യം നാം മനസ്സിലാക്കുക. തെറ്റുകൾ ക്ഷമിക്കുന്നതിനും ആന്തരികമായ സൗഖ്യം നല്കുന്നതിനും ദൈവത്തിനു തന്റെ പുത്രനെ മരണത്തിനു വിട്ടുകൊടുക്കേണ്ടി വന്നു. മനുഷ്യൻ സഹോദരനോടു ക്ഷമിക്കുമ്പോൾ അവനും ത്യാഗത്തിന്റെ പാതയിലൂടെ ചരിക്കേണ്ടി വരും. ദൈവപുത്രൻ പാപികളുടെ പക്കലേക്ക് ഇറങ്ങിവന്നതുപോലെ, ക്ഷമിക്കുന്നവൻ തനിക്കെതിരെ തിന്മ ചെയ്യുന്നവന്റെ പക്കലേക്ക് ഇറങ്ങിച്ചെല്ലേണ്ടിയിരിക്കുന്നു. അതാണ് രമ്യതയിലെത്തുവാൻ പിതാവായ ദൈവം കാണിച്ചുതരുന്ന മാർഗം. പ്രലോഭനങ്ങൾ ഉണ്ടാകുമെന്നതു തീർച്ചയാണ്. ഈ പ്രലോഭനങ്ങളിൽപെട്ട് തങ്ങളുടെ വിശ്വാസം നഷ്ടപ്പെടുന്ന സ്ഥിതി വരുത്തരുതേ എന്നാണ് തുടർന്നു പ്രാർത്ഥിക്കുന്നത്. ദുഷ്ടശക്തികളിൽനിന്നു രക്ഷ നേടാനുള്ള കഴിവു മനുഷ്യനില്ല. അതിനുള്ള ശക്തിയും കൃപയും ദൈവത്തിൽനിന്നു ലഭിക്കേണ്ടതായിട്ടുണ്ട്.

**3. ഉപവാസം**

യഹൂദർ തിങ്കളാഴ്ചയും വ്യാഴാഴ്ചയും ഉപവസിച്ചിരുന്നു. അവരിൽ ചിലരുടെ ലക്ഷ്യം പ്രായശ്ചിത്തമല്ല, പ്രത്യുത മറ്റുള്ളവരിൽനിന്നു പ്രശംസ ലഭിക്കുക എന്നതാണ്. അതുകൊണ്ടാണ് അവരെ കപടനാട്യക്കാർ എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. മറ്റുള്ളവർ അവരുടെ ഉപവാസം കണ്ട് അവരെ പ്രശംസിക്കുമ്പോൾ അവർക്കു തങ്ങളുടെ ഉപവാസത്തിന്റെ പ്രതിഫലം ലഭിക്കും. മിശിഹായുടെ ശിഷ്യന്മാർ അവരെപ്പോലെ ആകരുത് എന്നാണ് മത്താ 6,17 ൽ പറയു

ന്നത്. സാധാരണ പൊതു ഉപവാസത്തിന്റെ അവസരങ്ങളിൽ ആളുകൾ ചാക്കുവസ്ത്രം ധരിക്കുകയും തലയിൽ ചാരം വിതറുകയും തലമുടി അലങ്കോലപ്പെടുത്തുകയുമൊക്കെ ചെയ്തിരുന്നു. അവയെല്ലാം ഉപവാസത്തിന്റെ ബാഹ്യ അടയാളങ്ങളായിരുന്നു. എന്നാൽ മിശിഹായുടെ ശിഷ്യന്മാർ ഉപവസിക്കുമ്പോൾ, ഈ ബാഹ്യ അടയാളങ്ങൾ കാണിക്കാതെ, അതിനു പകരമായി തലയിൽ എണ്ണ പുരട്ടുകയും മുഖം കഴുകി വിഷാദഭാവം മാറ്റുകയും ചെയ്യണമെന്നാണ് ഈശോ നിഷ്കർഷിക്കുന്നത്. അപ്പോൾ അവരുടെ ഉപവാസത്തെക്കുറിച്ച് മറ്റാരും അറിയുകയില്ല. എന്നാൽ പിതാവായ ദൈവം എല്ലാം രഹസ്യമായി കാണുകയും അവർക്കു പ്രതിഫലം നല്കുകയും ചെയ്യും. യഹൂദർ തിങ്കളാഴ്ചയും വ്യാഴാഴ്ചയുമാണ് ഉപവസിച്ചിരുന്നതെങ്കിൽ ക്രൈസ്തവർ ബുധനാഴ്ചയും വെള്ളിയാഴ്ചയുമാണ് ഉപവാസം നടത്തുന്നത്.

**സത്കൃത്യങ്ങളുടെ അഭ്യാസം**

മുകളിൽ പറഞ്ഞ സത്കൃത്യങ്ങൾ അഭ്യസിക്കാനുള്ള അവസരമാണ് നോമ്പുകാലം നമുക്കു നല്കുന്നത്. ക്രിസ്തീയജീവിതം ദൈവവുമായുള്ള പിതൃപുത്രബന്ധത്തിന്റെ ജീവിതമാണ്. ഈ പിതൃപുത്രബന്ധം ആത്മാർത്ഥമായി ജീവിക്കുവാൻ നമുക്കു ലഭിച്ചിരിക്കുന്ന ഈ അവസരം അതിന്റെ തനിമയിൽ ജീവിക്കുവാൻ നമുക്കു ശ്രമിക്കാം. മാമോദീസായിലൂടെ നാം സമാരംഭിച്ച ഈ പിതൃപുത്രബന്ധത്തിൽ വളരുവാൻ ഇവ നമുക്കു സഹായകമാകും. തന്റെ ശിഷ്യർ ചെയ്യുന്ന സത്പ്രവൃത്തികൾ മറ്റുള്ളവർ കാണാൻ ഇടയാകണമെന്നും അങ്ങനെ അവർ സ്വർഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തണമെന്നും ഈശോ ആവശ്യപ്പെടുന്നുണ്ടല്ലോ. അതുകൊണ്ട് ഈ നോമ്പുകാലത്ത് നമ്മുടെ ആത്മീയവളർച്ചയ്ക്കും ക്രിസ്തീയസാക്ഷ്യത്തിനും ഉപകരിക്കത്തക്ക വിധം സത്കൃത്യങ്ങൾ അഭ്യസിക്കുവാൻ നമുക്കു പരിശ്രമിക്കാം.


**STATEMENT ABOUT OWERSHIP AND OTHER PARTICULARS ABOUT NEWSPAPER PRATHEEKSHAYUDE POOMOTTUKAL**

**Form - IV**

| | |
|---|---|
| 1. Place of Publication | : Manganam, Spirituality Centre; Manganam P.O., Kottayam |
| 2. Periodicity of Publication | : Monthly |
| 3. Printer's Name | : Shiny Andrews Muthuplackal |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |
| 4. Publisher's Name | : Shiny Andrews Muthuplackal |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |
| 5. Editor's Name | : Fr. Mathew Vellanickal |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |



# നാല്പതാം വെള്ളി

**റവ. ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
**കാഞ്ഞിരപ്പള്ളി രൂപത**

**നോ**മ്പിലെ വിശുദ്ധവാരത്തിനു മുമ്പു വരുന്ന വെള്ളിയാഴ്ച നാൽപതാം വെള്ളി എന്നാണറിയപ്പെടുക. നാൽപതിന് വിമോചനത്തിന്റെ, രക്ഷയുടെ, ദൈവാനുഭവത്തിന്റെ, മാറ്റങ്ങളുടെയൊക്കെ അർത്ഥമാണ് വിശുദ്ധഗ്രന്ഥത്തിൽ നാം കാണുന്നത്. നാൽപതു ദിവസത്തെ വെള്ളപ്പൊക്കംവഴി തിന്മയെ നശിപ്പിച്ച് നന്മയുടെ പുനസൃഷ്ടി ദൈവം നോഹയിലൂടെ സാധിച്ചു. നാൽപതു വർഷത്തെ മരുഭൂമി വാസത്തിലൂടെ ഇസ്രായേലിന്റെ വിമോചകനാകാനുള്ള ദൈവവിളി മോശ ശ്രവിച്ചു. സീനായ്മലയിലെ നാൽപതു ദിവസത്തെ വാസത്തിലൂടെ ദൈവ-മനുഷ്യ ഉടമ്പടിയുടെ കൽപനകൾ അദ്ദേഹം സ്വീകരിച്ചു. ഏലിയാ പ്രവാചകൻ ദൈവിക തീക്ഷ്ണതയിൽ ജ്വലിക്കുവാൻ ഹോറേബിലേക്ക് എത്തിയതും നാൽപതു ദിവസത്തെ മരുഭൂമിയാത്രയ്ക്കവസാനം. ഈശോ പരസ്യജീവിതത്തിലേക്ക് ഇറങ്ങിയതും നാൽപതു ദിവസത്തെ ഉപവാസത്തിനുശേഷം. ഉത്ഥാനാനന്തരം ഈശോ സ്വർഗാരോഹിതനായത് നാൽപതാം നാൾ.

തുടർന്നു വരുന്ന വാരത്തിൽ അനുസ്മരിക്കുന്ന ദൈവിക രക്ഷാപദ്ധതിയിലൂടെ കടന്ന് പുതിയ സൃഷ്ടികളായി പുറത്തുവരുവാൻ നാൽപതാം വെള്ളി നമ്മെ ക്ഷണിക്കുകയാണ്. നാൽപതാം വെള്ളിയാഴ്ച ധ്യാനവിഷയമാക്കുന്ന തിരുവചനം വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷം പതിനൊന്നാം അധ്യായത്തിൽ ലാസറിനെ ഉയിർപ്പിക്കുന്ന സംഭവവിവരണമാണ്. ഇതിലൂടെ കർത്താവ് നമ്മോടു പറയുന്ന പ്രത്യേക സന്ദേശങ്ങൾ എന്താണെന്നു കാണാം.

**കല്ലെടുത്തുമാറ്റുവിൻ:** ലാസറിനെ സംസ്കരിച്ച കല്ലറയുടെ കവാടത്തിങ്കൽ നിന്ന് കല്ലറയുടെ കവാടം അടച്ചിരുന്ന കല്ലെടുത്തുമാറ്റുവിൻ എന്ന് ഈശോ പറഞ്ഞു. മറുപടി

നൽകിയത് മരിച്ചയാളിന്റെ സഹോദരിയായ മർത്തായാണ്. അതാകട്ടെ നിഷേധാത്മകവും. അവളുടെ നിഷേധത്തിനു കാരണമുണ്ട്. അവിടെ ഒട്ടേറെ ആളുകൾ ലാസറിന്റെ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കാനെത്തിയിട്ടുണ്ട്. കല്ലറ തുറന്നാൽ ദുർഗന്ധം ഉണ്ടാകും. അത് അവിടെ കൂടിയിരിക്കുന്നവർക്കെല്ലാം ബുദ്ധിമുട്ടാകും. സഹോദരന്റെ വേർപാടിൽ ദുഃഖിക്കുമ്പോഴും അവൻമൂലമുണ്ടാകുന്ന ദുർഗന്ധം അതിലും അസഹനീയമെന്ന് അവൾ തിരിച്ചറിയുന്നു. മരിച്ചവന്റെ അവസ്ഥ...! പാപത്തിൽ, ആത്മീയമരണം സംഭവിച്ച അവസ്ഥയിൽ കഴിയുമ്പോൾ മർത്തായുടെ ഈ വാക്കുകൾ ഓർമ്മിക്കുക.

സഹോദരങ്ങളും കുടുംബാംഗങ്ങളും തെറ്റുകാരെ മാറ്റിനിറുത്തിയേക്കാം. കുടുംബത്തിനു മാനഹാനിയും ബുദ്ധിമുട്ടുകളും ഉണ്ടാക്കിയതിന്റെ, ഉണ്ടാകുന്നതിന്റെ കാരണം നിരത്താൻ അവർക്കാകും. എന്നാൽ അവിടെയും ഈശോ, പാപികളോടുകൂടെ എണ്ണപ്പെട്ടവനായി നിന്നുകൊണ്ട്, അവരെ ചേർത്തുനിർത്തും. ഇവിടെ ലാസറിനോടു ചേർന്നുനിന്നുകൊണ്ട് കല്ലെടുത്തു മാറ്റുവാൻ ചുറ്റും നിൽക്കുന്നവരെ ഈശോ നിർബന്ധിക്കുന്നു. മൃതിയുടെ ഗുഹയിൽനിന്നു പുറത്തുകൊണ്ടുവരാൻ കഴിവുള്ളവൻ, അവനെ ജീവനിലേക്കു കൊണ്ടുവരാൻ ശക്തിയുള്ളവൻ പറയുന്നത് അവന്റെ അവസ്ഥയെ ഓർത്ത് ദു:ഖിച്ചിരിക്കാനല്ല, അവനു പുറത്തുവരാൻ കഴിയാത്തവിധം വയ്ക്കപ്പെട്ടിരിക്കുന്ന കല്ലുകളെ, തടസ്സങ്ങളെ മാറ്റികൊടുക്കുക എന്നാണ്. ഇവിടെയാണ് ശ്ലീഹാ പറയുന്നതുപോലെ സഭ രക്ഷിക്കപ്പെടുന്നവരുടെയിടയിലും ശിക്ഷിക്കപ്പെടുന്നവരുടെയിടയിലും ദൈവത്തിനു മിശിഹായുടെ പരിമളമായിത്തീരുന്നത് (2 കോറി 2,15). പാപത്തിന്റെ ദുർഗന്ധമകറ്റി പരിശുദ്ധിയുടെ പരിമളം ലോകത്തിന്റെ അതിർത്തികൾവരെ പരത്തുവാൻ നിയുക്തയായിരിക്കുന്ന സഭ, അതിനായി വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നവർ, അതിനു തടസ്സമായവയെ ദൂരെയകറ്റാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.


കല്ലറ മൃതരെ സംസ്കരിക്കാനുള്ള ഇടമാണ്. കപടനാട്യക്കാരായ നിയമജ്ഞരെയും ഫരിസേയരെയും വെള്ളയടിച്ച കുഴിമാടങ്ങളോടു കർത്താവ് സദൃശ്യപ്പെടുത്തി (മത്താ 23,27). ജീവൻ നഷ്ടപ്പെട്ടവയാണ് കല്ലറയിൽ വയ്ക്കപ്പെടുക. പാപം ഒരുവന്റെ ജീവൻ ഹനിക്കുന്നു. "ദുർമോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം പൂർണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു" (യാക്കോ 1,15). പാപി മരിച്ചവനാണെന്ന് ധൂർത്തപുത്രന്റെ ഉപമയിലൂടെ ഈശോതന്നെ വ്യക്തമാക്കുന്നുണ്ടല്ലോ: "എന്റെ ഈ മകൻ മൃതനായിരുന്നു; അവൻ ഇതാ, വീണ്ടും ജീവിക്കുന്നു" (ലൂക്കാ 15,24). അങ്ങനെയെങ്കിൽ കല്ലറ സൂചന നൽകുന്നത് ദൈവികജീവൻ നഷ്ടമാക്കി മരിച്ചവരുടെ ഗണത്തിലേക്കു നമ്മെ തള്ളുന്ന പാപാവസ്ഥയെയും പാപത്തിന്റെ ഉറവിടമായ നമ്മുടെ ഹൃദയങ്ങളെയുമാവാം. "എന്തെന്നാൽ ഉള്ളിൽനിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽ നിന്നാണ് ദുഷ്ചിന്ത, പരസംഗം മോഷണം കൊലപാതകം.... എന്നിവ പുറപ്പെടുന്നത്. ഈ തിന്മകളെല്ലാം ഉള്ളിൽ നിന്നു വരുന്നു. അവ മനുഷ്യനെ അശുദ്ധനാക്കുകയും ചെയ്യുന്നു" (മർക്കോ 7,21-23).

ഈശോ നമ്മോടും പറയുന്നു, പാപംമൂലം മരിച്ചവന്റെ ഹൃദയങ്ങൾ അവിടുത്തെ മുമ്പിൽ തുറക്കുക. അവയുടെ മുമ്പിൽ വച്ചിരിക്കുന്ന കല്ലുകൾ ഉരുട്ടിമാറ്റുക. ഹൃദയകാഠിന്യം നിമിത്തം അനുതപിക്കാത്തവർ ആ ഇടർച്ചയുടെ കല്ലുകൾ ഉരുട്ടിമാറ്റി, ഹൃദയകവാടങ്ങളിൽ മുട്ടിവിളിക്കുന്നവന്റെ മുമ്പിൽ വാതിൽ തുറന്നുകൊടുക്കുക. "ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും" (വെളി 3,19-20).

**ലാസറേ പുറത്തുവരുക** (യോഹ 11,43): ഈശോ ഉച്ചത്തിൽ പറഞ്ഞു: ലാസറേ പുറത്തുവരുക. മനുഷ്യൻ കല്ലറയിൽ കഴിയേണ്ടവനല്ല. പാപഫലമായി ലജ്ജതോന്നി തന്നിൽനിന്നും ഓടി മരങ്ങളുടെയും മരച്ചില്ലകളുടെയും മറവിലേക്കുപോയ ആദിമാതാപിതാക്കന്മാരെയും അവിടുന്നു തന്റെ അടുക്കലേക്കു വിളിച്ചു. അവരുടെ നഗ്നതയെ മറയ്ക്കാൻ തോലുകൊണ്ടുള്ള ഉടയാടയുണ്ടാക്കി ധരിപ്പിച്ചു (ഉൽപ 3,21). മറഞ്ഞിരിക്കേണ്ടവനോ കല്ലറയിൽ കഴിയേണ്ടവനോ അല്ല ദൈവസദൃശ്യനായ മനുഷ്യൻ. ഏതവസ്ഥയിൽ കഴിയുന്നവരെയും, മറ്റുള്ളവരുടെ മുമ്പിൽ ദുർഗന്ധം പുറപ്പെടുവിക്കുന്ന അവസ്ഥയിലാണെങ്കിൽപോലും, ബന്ധനങ്ങൾ തകർത്ത്, കല്ലറകൾ വിട്ട്, തന്റെ അടുക്കലേക്കു വരുവാൻ അവിടുന്ന് ക്ഷണിക്കുന്നു. നമ്മെ മരണത്തിൽ നിന്ന് വീണ്ടെടുക്കാനുള്ള ദൈവത്തിന്റെ വലിയ രക്ഷാപദ്ധതിയാണ് ഇവിടെയെല്ലാം വെളിപ്പെടുക.

**അവന്റെ കെട്ടുകളഴിക്കുവിൻ അവൻ പോകട്ടെ** (യോഹ 11,44): ലാസറിന്റെ കെട്ടുകളിച്ച് അവനെ സ്വതന്ത്രനാക്കാൻ ഈശോ അവരോടു പറയുന്നു. പാപത്തിന്റെ കെട്ടുകൾ അഴിച്ചുമാറ്റണം. ആദിമാതാപിതാക്കന്മാരെ കർത്താവ് തന്റെ പക്കലേക്കു വിളിച്ചെങ്കിലും അവരുടെ പാപം സമ്മാനിച്ച ബന്ധനത്തിൽനിന്ന് പുറത്തുവരുക ശ്രമകരമായിരുന്നു. തലമുറകൾ ആ പാപത്തിൽ ജനിക്കുകയും അതിൽ തുടരുകയും ചെയ്യുന്നു. ഓരോ പാപവും നമ്മെയും ബന്ധനസ്ഥരാക്കുന്നുണ്ട്. അതു തിരിച്ചറിഞ്ഞ് പാപത്തിന്റെ ബന്ധനങ്ങൾ അഴിച്ചു മാറ്റുവാൻ നാം ശ്രദ്ധയുള്ളവരാകണം. പാപമോചനം പ്രാപിച്ചാൽ മാത്രം പോരാ പാപത്തിന്റെ ഫലമായ ബലഹീനതകളെ വിജയിക്കുവാൻ ദൈവകൃപയോടു ചേർന്ന് പരിശ്രമിക്കണം. നമ്മെ പാപബന്ധനങ്ങളിൽനിന്നു മോചിപ്പിക്കുവാൻ ദൈവപുത്രൻ ഏറ്റെടുത്ത രക്ഷകരമായ പീഡാനുഭവത്തിന്റെ അനുഷ്ഠാനങ്ങളിലേക്കും ആഘോഷത്തിലേക്കും നാൽപതാം വെള്ളിയോടെ നാം പ്രവേശിക്കുന്നു.





# ഹോമം

സാബി കോഴിക്കോട്

സുവിശേഷപ്രഘോഷകനാകണം എന്നത് ഏറെ നാളത്തെ എന്റെ ആഗ്രഹവും പ്രാർത്ഥനയുമായിരുന്നു. എന്നാൽ മറ്റുള്ളവരുടെ മുഖത്തുനോക്കി എന്തെങ്കിലും പറയണമെങ്കിൽതന്നെ ഉൾഭയം എന്നെ വല്ലാതെ വലച്ചിരുന്നു താനും. അങ്ങനെയിരിക്കെ ഒരു ബൈബിൾ കോഴ്സിൽ ചേരുവാൻ ഒരവസരം വീണുകിട്ടി. കുറച്ചുദിവസം കഴിഞ്ഞപ്പോൾത്തന്നെ ഞാൻ എന്തോ ആയി എന്നൊരു ഭാവം എന്നിൽ മുളച്ചുപൊന്തുന്നത് ഞാനറിഞ്ഞു. തിരികെയെത്തിയാലുടൻ വീടും നാടും നന്നാക്കണമെന്നാഗ്രഹിക്കുകയും പ്രത്യേകിച്ച് നന്നാക്കേണ്ട ചില വ്യക്തികളുടെ പേര് മനസ്സിൽ കുറിച്ചുവയ്ക്കുകയും ചെയ്തു. കോഴ്സിനിടയിൽ ഒരിടവക സന്ദർശിച്ച് സുവിശേഷം അറിയിക്കുവാനുള്ള ഒരവസരം ഡയറക്ടറച്ചൻ നല്കി. ആ രാത്രി ഉറങ്ങാൻ കഴിഞ്ഞില്ല. കർത്താവ് രക്ഷകനാണ് എന്നു പ്രസംഗിക്കുന്നതും കുടുംബത്തെ മാനസാന്തരപ്പെടുത്തുന്നതുമൊക്കെ മനസ്സിൽ മിന്നിമാഞ്ഞു. പ്രഭാതത്തിൽ വിവിധ ബസ്സുകളിലായി പ്രാർത്ഥനയോടെ മിഷൻ സ്റ്റേഷൻ ലക്ഷ്യമാക്കി യാത്രയായി.

അവിടെ ചെന്നിറങ്ങിയപ്പോൾ എല്ലാവരും അമ്പരന്നുപോയി. പള്ളിയെന്നൊന്നും പറയാനാവാത്ത എന്നാൽ കുരിശുവച്ച ഒരു ചെറുഷെഡ്ഡ്. അൾത്താരയും മറ്റും വിരിയിട്ടു മറച്ചിട്ടുണ്ട്. പരിഷ്കാരത്തിന്റെ കാറ്റ് ഇനിയും വീശിത്തുടങ്ങാത്ത നാട്! അച്ചൻ പരി. കുർബ്ബാന ആരംഭിച്ചു. ഇടവകക്കാരായ കുറച്ചുപേർ വന്നിട്ടുണ്ട്. ബാക്കിയുള്ളവരൊക്കെ ജോലിക്കു പോയിക്കഴിഞ്ഞു. എന്റെ ഉള്ളിൽ അറിയാതെ ഫരിസേയൻ ഉണർന്നു. ഹും! സാബത്ത് ആചരിക്കാത്ത ഈ മനുഷ്യരെ ഇന്നുതന്നെ ശരിയാക്കണം. കുർബാന കഴിഞ്ഞതേ അച്ചൻ ഞങ്ങളെ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് കൈവയ്പുതന്ന് ആ ഇടവകയിലെ ഇരുന്നൂറു വീടുകളിലേക്ക് അയച്ചു. എന്റെ ഗ്രൂപ്പിലുണ്ടായിരുന്നത് മറ്റു മൂന്നു യുവജനങ്ങളായിരുന്നു. ജപമാല കരങ്ങളിലെടുത്ത് ഇടവകയിലെ ഒരു പെൺകുട്ടിയോടൊപ്പം അവളുടെ ഭവനത്തിലേക്ക് കടന്നു ചെല്ലുമ്പോൾ ആ വീട്ടിൽ ആൾതാമസമില്ലാതായിട്ട് കുറെക്കാലമായി എന്ന് ബോധ്യപ്പെട്ടു.

പൊടിപിടിച്ച വരാന്തയിൽ ഇരിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ഉള്ളിൽ കത്തിക്കൊണ്ടിരുന്ന പ്രേഷിതതീക്ഷ്ണതയാൽ അഭിമാനം മാത്രമേ തോന്നിയുള്ളൂ. ആദ്യം കുടുംബവിവരങ്ങളറിഞ്ഞിട്ടാവാം സുവിശേഷപ്രസംഗം എന്നു കരുതി കുശലാന്വേഷണം നടത്തി. പത്തു വർഷം മുൻപ് പഠിപ്പിച്ച സാറിനെ സ്നേഹിച്ചു കെട്ടി. അവരുടെ സ്നേഹത്തിന്റെ പ്രകാശനമായി ക്ലമന്റ് എന്ന കുഞ്ഞുമാലാഖ അവരുടെ ജീവിതത്തിലേക്കു വിരുന്നുവന്നു. പക്ഷേ പ്രശ്നങ്ങൾ ആരംഭിക്കുകയായിരുന്നു. അവൻ സംസാരിക്കില്ല, ഇരിക്കില്ല, കിടത്തിയാൽ അങ്ങോട്ടും ഇങ്ങോട്ടും കൈകാലുകൾ ചലിപ്പിച്ചുകൊണ്ടിരിക്കും. എന്തൊക്കെയോ സ്വരങ്ങൾ പുറപ്പെടുവിക്കും....

പിന്നീടങ്ങോട്ടുള്ള അവരുടെ ജീവിതം മുഴുവൻ ഹോസ്പിറ്റലുകൾ വഴിയുള്ള നെട്ടോട്ടമായിരുന്നു. ഈ കുഞ്ഞിനെ ഉൾക്കൊള്ളാനാവാതെ വിവിധ മയക്കുമരുന്നുകൾക്ക് അടിമയായ അധ്യാപകൻ ഒരുനാൾ സ്വന്തം മുറിയുടെ ഉത്തരത്തിൽ കെട്ടിഞാന്നു. മകന്റെ മരണശേഷം മരുമകളോടു പിണങ്ങി അമ്മായിയമ്മ മറ്റൊരു വീട്ടിലേക്കു കുടിയേറി. ഒൻപതു വയസ്സുള്ള ഈ മിണ്ടാപ്രാണിയെയുംകൊണ്ട് ഇരുപത്താറുകാരിയായ ഇവൾ എന്തു ചെയ്യും?

അടുത്ത നിമിഷം തന്റെ വിധിയോർത്ത് അവൾ പരിതപിക്കും; ദൈവത്തെ പഴിചാരും എന്ന ധാരണയോടെ, ഓടുന്ന പട്ടിക്ക് ഒരു മുഴം മുമ്പ് ഞാൻ കല്ലെറിഞ്ഞു. 'ദൈവം നമ്മെ ഉപേക്ഷിക്കില്ല മോളെ...' പറഞ്ഞു തീർന്നതും അവൾ പറഞ്ഞു: "അതെനിക്കറിയാം. എന്റെ ജീവിതത്തിൽ എനിക്കു ദൈവം നല്കിയ ഏറ്റവും വലിയ നിധിയാണ് എന്റെ ക്ലമന്റ്കുട്ടൻ. ഈ പത്തു വർഷങ്ങളിൽ ഒരിക്കൽപോലും ഇവന്റെ ദൗർബല്യമോർത്ത് ഞാൻ കരഞ്ഞിട്ടില്ല. ഇവനെ ഞാൻ പൊന്നുപോലെ വളർത്തും എന്റെ കണ്ണടയുന്നതുവരെ".

ക്ലമന്റിനെപ്പറ്റി ഞാൻ പറയുന്നതു മനസ്സിലായിട്ടാണോ ആവോ ആ കുഞ്ഞ് ശബ്ദങ്ങളൊക്കെ ഉണ്ടാക്കിത്തുടങ്ങി. അവൾ അവന്റെ ചെവിയിൽ വിശ്വാസപ്രമാണം ചൊല്ലിക്കൊടുത്തു. ഉടൻതന്നെ ആ കുഞ്ഞുമാലാഖ പുഞ്ചിരിയോടെ കൈയ്യടിച്ചു തുടങ്ങി. അവൾ പറയുകയാണ്... "ഇവനെയുംകൊണ്ട് പുറത്തുപോകുമ്പോൾ ഇവൻ ബഹളമുണ്ടാക്കുമ്പോഴൊക്കെ ഞാൻ അവന്റെ ചെവിയിൽ സ്വർഗസ്ഥനായ പിതാവേ, നന്മനിറഞ്ഞ മറിയമേ, വിശ്വാസപ്രമാണം എന്നീ പ്രാർത്ഥനകളിൽ എന്തെങ്കിലുമൊന്ന് ചൊല്ലിക്കൊടുക്കും. അപ്പോൾ അവൻ ശാന്തനായിക്കൊള്ളും". അവളിതു പറഞ്ഞുനിർത്തിയപ്പോൾ സുവിശേഷപ്രഘോഷകരായ ഞങ്ങൾ ഒന്നും പറയാനില്ലാതെ പരസ്പരം നോക്കി. നമ്മളൊക്കെ എന്ത്... ഇവൾ അതുക്കും മേലേ തന്നെ!

കുഞ്ഞിനെ സ്വന്തം അമ്മയുടെ അടുത്താക്കി റ്റിറ്റിസി പഠിച്ചുകൊണ്ടിരിക്കുന്ന അവളെ പ്രോത്സാഹിപ്പിച്ച് നൂറ്റിയിരുപതാം സങ്കീർത്തനവും സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയും ചൊല്ലി പടിയിറങ്ങുമ്പോൾ ഉള്ളിൽ പരിശുദ്ധാത്മാവ് മന്ത്രിച്ചു... ഇതല്ലേ യഥാർത്ഥ സുവിശേഷപ്രഘോഷണം! പ്രസംഗത്തിൽ ജീവിതം ലയിച്ചുചേരുമ്പോൾമാത്രമേ അതു പ്രഘോഷണമാകൂ എന്ന് ഒരിക്കൽകൂടി ആ വിധവ എന്നെ പഠിപ്പിച്ചു. നല്കപ്പെട്ടവയിലെ കുറ്റം–കുറവുകൾ ചികഞ്ഞുനോക്കുന്ന എന്നെപ്പോലെയുള്ളവരുടെ കരണത്തിനേറ്റ അടിയാണ് അവളുടെ ജീവിതമെന്നു പറയാതെ വയ്യ. ചെറിയ ചെറിയ അസൗകര്യങ്ങൾപ്പോലും നമ്മെ എത്രമാത്രമാണ് അസ്വസ്ഥതപ്പെടുത്താറുള്ളത്. എന്നാൽ ഈ പെൺകുട്ടിയോ, അസൗകര്യങ്ങളിൽപ്പോലും അവസരം കണ്ടെത്തുകയാണ്. ഇതുകൊണ്ടാണ് കാരണവന്മാർ പറയുക. സഹനങ്ങളാണ് നമ്മെ ദൈവത്തോടടുപ്പിക്കുക അല്ലാതെ സൗകര്യങ്ങളല്ല എന്ന്. സുവിശേഷപ്രഘോഷണത്തിന്റെ നാരായ വേരാണ് സഹനം. ദൈവപുത്രൻ തന്റെ പിതാവിന്റെ സുവിശേഷമാകുന്ന സ്നേഹം നമ്മുടെ ഹൃദയത്തിൽ കോറിയിട്ടതും സ്വന്തം ജീവൻ ഹോമിച്ചുകൊണ്ടാണ്.

ഹോമങ്ങളൊക്കെ യഥാർത്ഥ ഹോമങ്ങളാകണമെങ്കിൽ രക്തം പൊടിയണം. അപരന്റെ യല്ല, നമ്മുടെ രക്തം. അതൊരുപക്ഷേ എന്റെ അഹത്തിന്റെ ഹോമമാകാം; എന്റെ പിടിവാശിക ളുടെ, കടുംപിടുത്തങ്ങളുടെ തെറ്റുദ്ധാരണകളുടെ, തഴക്കദോഷങ്ങളുടെ, ചില ലഹരിക ളുടെയൊക്കെ ഹോമമാകാം. എന്തായാലും ഒന്നു സത്യമാണ്, ഞാൻ മുറിയപ്പെടുവാൻ വിട്ടു കൊടുക്കുന്നിടത്തേ നീയുള്ളൂ. ഞങ്ങൾ ഹോമിക്കപ്പെടുന്നിടത്തേ നമ്മളുള്ളൂ.

എല്ലാ ഹോമങ്ങളിലും ചില പുകച്ചിലുകളും നീറ്റലുകളും എരിഞ്ഞമരലുകളും വെണ്ണീറാ കലുമൊക്കെയുണ്ട്. പിന്നീടൊരു ശാന്തതയാണ് - ലക്ഷ്യപ്രാപ്തി നേടിയതിന്റെ ശാന്തത. ലയിക്കേണ്ടവനിൽ ലയിച്ചതിന്റെ ചാരിതാർത്ഥ്യം! നമ്മുടെ പിതാമഹന്മാർ അർപ്പിച്ച ഹോമയാ ഗങ്ങളുടെ വെണ്ണീറിൽവേണം പുതുനാമ്പുകൾ മുളയെടുക്കുവാൻ. “കളിമണ്ണ് കട്ടിയാകുന്നതുവരെ കുശവൻ പാത്രം തീയിൽ ചുടുന്നു. അതിന് അല്പം ചൂടുമാത്രമേ ഏല്ക്കാവൂ എന്നയാൾ കരു തുന്നില്ല. അങ്ങനെയെങ്കിൽ കളിമണ്ണ് മതിയാവുംവിധം കട്ടിയാവുകയില്ല. ആവശ്യത്തിലേറെ ചൂട് കൊടുക്കുന്നുമില്ല. അങ്ങനെ ചെയ്താൽ മണ്ണ് വെണ്ണീർ ആകും” (വി. അപ്രേം). വി. ഫൗസ്തീനായും സഹനമെന്ന ആയുധത്തെപ്പറ്റി ഇപ്രകാരം പറയുന്നു “സ്വർഗത്തിലേക്കുള്ള ഏറ്റവും എളുപ്പമുള്ളതും ഏറ്റവും ദൂരം കുറഞ്ഞതുമായ വഴിയാണ് സഹനം”.

ഹോമങ്ങൾക്കായി വിട്ടുകൊടുക്കണമെങ്കിൽ പുത്രനായ ഈശോമിശിഹായ്ക്ക് പിതാവി നോടുണ്ടായിരുന്ന ഒരു ഹൃദയ അടുപ്പം നമുക്കുമുണ്ടാവണം. അതാണ് സ്വാർത്ഥത കൂടാതെ, പിടിച്ചുവയ്ക്കാതെ കൊടുക്കാൻ അവനെ പ്രേരിപ്പിച്ചത്. ഹൃദയം മുറിക്കാനനുവദിക്കാതെ വെറും പൊറാട്ടുനാടകമായി അധഃപതിക്കുന്ന നമ്മുടെ ജീവിതങ്ങൾക്കുമേൽ കർത്താവ് ചാട്ടവാറെടു ക്കുമോ ആവോ? എങ്കിൽപിന്നെ അവന്റെ ആദ്യഅടി തീർച്ചയായും ശിഷ്യരെന്നഹങ്കരിക്കുന്ന നമ്മുടെ പുറത്തു തന്നെയാവും. അതിനുമുമ്പേ നമ്മുടെ ജീവിതമാകുന്ന ചെസ് ബോർഡിൽ പ്രാർത്ഥനയുടെയും അനുതാപത്തിന്റെയും പരിഹാരത്തിന്റെയും ഉപവാസത്തിന്റെയും കരു ക്കൾ നീക്കുന്നതാവും നല്ലത്.

ഹോമങ്ങളൊക്കെ നിശ്ചിതലക്ഷ്യങ്ങൾക്കുവേണ്ടിയുള്ളതാണ്. ആദ്യമായി, ഞാൻ വിളി ച്ചാൽ എന്റെ ദൈവം കേൾക്കും എന്ന് എന്നെയും മറ്റുള്ളവരെയും ബോധ്യപ്പെടുത്തുവാനാ ണത്. എന്റെ ദൈവം മഹത്ത്വമുള്ളവനും അതിശക്തനും ഒപ്പം കരുണാവാരിധിയുമാണെന്ന് ലോകത്തോടു വിളിച്ചുപറയുവാനുള്ള അവസരം കൂടിയാണിത്. അതിലുപരി ഞാൻ അവന്റേ താണെന്ന അഹംബോധമാണിത്. രാജാക്കന്മാരുടെ ഒന്നാം പുസ്തകം പതിനെട്ടാം അധ്യായ ത്തിൽ ഏലിയാപ്രവാചകൻ ബാൽദേവനേക്കാൾ ശക്തനായ തന്റെ ജീവനുള്ള ദൈവത്തെ ഉറക്കെ ഉദ്ഘോഷിക്കുവാൻ ഹോമം നടത്തുന്നതു നാം വായിക്കുന്നുണ്ട്. പുതിയനിയമത്തി ലേക്കു വരുമ്പോൾ ഓരോ പ്രതിസന്ധികളിലും ഈശോ ‘അപ്പാ’ എന്നു വിളിക്കുമ്പോഴൊക്കെ ഉത്തരമരുളുന്ന പിതാവായി ദൈവം കടന്നുവരുന്നതായി കാണാം. അങ്ങനെയെങ്കിൽ ദൈവം നമുക്കനുവദിക്കുന്ന നമ്മോട് ആവശ്യപ്പെടുന്ന അനുദിനജീവിതത്തിലെ ഓരോ യാഗമാകലുക ളിലും അവിടുന്ന് അരികത്തു വരാതിരിക്കുമോ? ഉത്തരമരുളാതിരിക്കുമോ? ഇനി അഥവാ അവിടുന്നു മൗനം ഭജിച്ചാൽ ഗത്സമെനിയിലെ ഈശോയെപ്പോലെ ആ സഹനം നീ ഏറ്റെ ടുത്തേ മതിയാവൂ. കാരണം അതിലൂടെയാവണം അപരനുള്ള രക്ഷ അവിടുന്ന് ഒരുക്കി വച്ചിരി ക്കുന്നത്!

ദൈനംദിന ജീവിതഹോമങ്ങൾക്കു നമ്മെ ശക്തിപ്പെടുത്തുവാനാണ് ഓരോ ദിവസവും നമുക്കുവേണ്ടി ഹോമമായി മാറുന്ന പരി. കുർബാന ഈശോ നമുക്കായി വച്ചു വിളമ്പുക. പരി. കുർബാനയാകുന്ന ഹോമയാഗം എന്റെയും നിന്റെയും ചെറുതും വലുതുമായ ഹോമയാഗ ങ്ങൾക്ക് ഊർജ്ജം പകരട്ടെ. ഈ ഹോമങ്ങളൊന്നും അപരനെ കൊല്ലുവാനല്ല, മറിച്ച് അവന് ജീവനേകുവാനാണ്.



നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം:
1700-ാം വാർഷികത്തിൽ ഒരു ധ്യാനാത്മക വായന - 2

# പുത്രനായ ദൈവം

**റവ. ഫാ. ജോസഫ് ഈറ്റോലിൽ**
**ചങ്ങനാശ്ശേരി അതിരൂപത**

**ആമുഖം**

സഭയിൽ ആരിയൂസ് എന്ന അലക്സാണ്ഡ്രിയൻ പുരോഹിതന്റെ തെറ്റായ പഠനങ്ങൾ വിശ്വാസപരമായ സംശയങ്ങൾക്ക് ഇടം കൊടുത്ത അവസരത്തിലാണ് സത്യവിശ്വാസത്തിന്റെ സംരക്ഷണത്തിനായി നിഖ്യാ സൂനഹദോസ് വിളിച്ചു ചേർക്കപ്പെടുന്നത്. നിഖ്യാ സൂനഹദോസിൽ ആരംഭിച്ച് കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിൽ നിയതമായി പൂർത്തീകരിക്കപ്പെട്ട വിശ്വാസപ്രമാണത്തിന്റെ ആദ്യ വിചിന്തനം പൂർത്തീകരിച്ചു. രണ്ടാം ഭാഗമാണ് ഈ ലക്കത്തിൽ നാം വിചിന്തനത്തിനു വിഷയമാക്കുന്നത്. "സർവ്വശക്തനും പിതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്ന ഭാഗമാണ് കഴിഞ്ഞ ആരാധനാവത്സര കാലത്തിൽ നാം ചിന്തിച്ചത്. പിതാവായ ദൈവത്തെപ്പറ്റിയാണ് ഈ ഏറ്റുപറച്ചിൽ നമ്മെ അനുസ്മരിപ്പിച്ചത്. ഈ നോമ്പുകാലത്തിൽ നാം വിചിന്തനത്തിനു വിഷയമാക്കുന്നത് ഇതിനു ശേഷം വരുന്ന വാക്കുകളാണ്. "ദൈവത്തിന്റെ ഏക പുത്രനും സകല സൃഷ്ടികൾക്കുമുമ്പുള്ള ആദ്യജാതനും യുഗങ്ങൾക്കെല്ലാംമുമ്പ് പിതാവിൽനിന്നും ജനിച്ചവനും, എന്നാൽ സൃഷ്ടിക്കപെടാത്തവനും, ഏക കർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്നു സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, പിതാവിനോടുകൂടെയുള്ള ഏക സത്തയുമാകുന്നു. അവിടുന്നു വഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും, എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു".

**1. ആരിയൂസിന്റെ അബദ്ധസിദ്ധാന്തങ്ങൾ**

ഈ വിശ്വാസപ്രമാണത്തിന്റെ വാക്കുകളെ മനസ്സിലാക്കാൻ ആദ്യം നാം അറിഞ്ഞിരിക്കേണ്ടത് നിഖ്യാ സൂനഹദോസ് കൂടാനിടയായ സവിശേഷ സാഹചര്യമാണ്. സഭയിലെ ആദ്യത്തെ എക്യുമെനിക്കൽ സൂനഹദോസാണ് നിഖ്യാ സൂനഹദോസ്. ആരിയൂസിന്റെ പാഷണ്ഡത പിടിമുറുക്കുകയും വിശ്വാസികൾക്കിടയിൽ വ്യാപകമായ സംശയങ്ങൾ ഉളവാക്കുകയും ഈശോമിശിഹായുടെ വ്യക്തിത്വത്തെയും സ്വഭാവത്തെയും സംബന്ധിച്ച തെറ്റിദ്ധാരണകൾ പരക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഈ വിശ്വാസപ്രമാണം രൂപീകരിക്കപ്പെടുന്നത്. എന്തെല്ലാമാണ് ആരിയൂസ് പഠിപ്പിച്ചത്?

**1.1 ഏകദൈവവിശ്വാസം - ദൈവത്തിൽ ഒരാൾ മാത്രം:** ആരിയൂസിന്റെ പഠനങ്ങളുടെ ഒരു പ്രധാന ഭാഗം ദൈവം ഏകനാണ് എന്നതാണ്. ദൈവം ഏകനാണ് എന്നത് കത്തോലിക്കാ വിശ്വാസത്തിന്റെ അടിസ്ഥാനവുമാണ്. എന്നാൽ ഏകദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്ന വിശ്വാസമാണ് നമ്മുടേത്. എന്നാൽ ആരിയൂസിന്റെ പ്രഭാഷണങ്ങൾ ഇങ്ങനെ ആയിരുന്നില്ല. ഋജുവായ ഏകദൈവവിശ്വാസമാണ് ആരിയൂസ് പുലർത്തിയിരുന്നത്. അതിനാൽ ഏകദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്ന ദൈവികസത്യം അദ്ദേഹം നിഷേധിച്ചു. ദൈവത്തിൽ ഒരാൾ മാത്രമേയുള്ളൂ എന്നായിരുന്നു അദ്ദേഹത്തിന്റെ പഠനം. പുത്രനായ ദൈവവും റൂഹായായ ദൈവവും യഥാർത്ഥത്തിൽ ദൈവമല്ല എന്ന് ആരിയൂസ് പഠിപ്പിച്ചു.

**1.2 ഈശോമിശിഹാ പിതാവിന്റെ സൃഷ്ടി:** പിതാവായ ദൈവം മാത്രമാണു ദൈവമെന്നും പുത്രൻ പിതാവിന്റെ മറ്റൊരു സൃഷ്ടി മാത്രമാണെന്നുമാണ് ആരിയൂസ് പറയുന്നത്. ദൈവം മാത്രമാണ് മാറ്റമില്ലാത്തവനും ആരംഭമില്ലാത്തവനും. സൃഷ്ടി എന്ന നിലയിൽ മിശിഹാ പിതാവിനോടൊപ്പം നിത്യനല്ല. മിശിഹായ്ക്ക് അസ്തിത്വമില്ലാത്ത ഒരു കാലം ഉണ്ടായിരുന്നു. പിതാവ് ഉണ്ടായിരിക്കുകയും പുത്രൻ ഇല്ലാതിരിക്കുകയും ചെയ്യുന്ന സമയമാണ് പുത്രന്റെ സൃഷ്ടിക്കുമുമ്പുള്ള സമയം. ആരിയൂസിന്റെ ചിന്തയിൽ പുത്രൻ മാറ്റത്തിനു വിധേയനാണ്, ആരംഭമുള്ളവനാണ്. പുത്രൻ ദൈവത്തിനു സമനല്ല, ദൈവത്തിനു താഴെയുള്ള ഒരു സൃഷ്ടിയാണ്.

## 2. നിഖ്യാ സൂനഹദോസിന്റെ പ്രബോധനം

**2.1 പുത്രൻ - പിതാവിൽനിന്നും ജനിച്ചവൻ:** ദൈവത്തിന്റെ ഏകപുത്രൻ എന്നാണ് നിഖ്യാ സൂനഹദോസ് മിശിഹായെ വിശേഷിപ്പിക്കുന്നത്. മിശിഹായെ സൃഷ്ടിയെന്നു വിളിച്ച ആരിയൂസിനുള്ള മറുപടിയാണ് ഈശോയുടെ ദൈവപുത്രസ്ഥാനം അടിവരയിട്ട് ഉറപ്പിക്കുന്നതിലൂടെ സൂനഹദോസ് ചെയ്യുന്നത്. വിശുദ്ധഗ്രന്ഥം ഈ സത്യത്തിനു സാക്ഷ്യം നൽകുന്നു. "നീ എന്റെ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മർക്കോ 1,11). ഈശോയുടെ മാമോദീസാവേളയിൽ സ്വർഗത്തിൽനിന്നു പിതാവ് അരുളിച്ചെയ്ത ഈ വാക്കുകൾ അവന്റെ രൂപാന്തരീകരണ സമയത്തും ആവർത്തിക്കപ്പെടുന്നുണ്ട്.

**2.2 പുത്രൻ - പിതാവിനോടൊപ്പം നിത്യൻ:** ഈ ഏകപുത്രൻ സകല സൃഷ്ടികൾക്കുമുമ്പുള്ള ആദ്യജാതനും യുഗങ്ങൾക്കെല്ലാംമുൻപ് പിതാവിൽനിന്നും ജനിച്ചവനുമാണെന്ന് സൂനഹദോസ് പഠിപ്പിക്കുന്നു. പിതാവ് ഉണ്ടായിരുന്ന എല്ലാ സമയത്തും പുത്രൻ ഉണ്ടായിരുന്നു എന്ന് പറയുക വഴിയായി പുത്രൻ പിതാവിനോടൊപ്പം നിത്യനാണ് എന്നാണ് നിഖ്യാ സൂനഹദോസ് നമ്മെ ഓർമിപ്പിക്കുന്നത്. പുത്രൻ ഇല്ലാതിരുന്ന കാലം ഉണ്ടായിരുന്നു എന്ന ആരിയൂസിന്റെ പഠനത്തിന്റെ നിഷേധമാണ് അവൻ യുഗങ്ങൾക്കുമുമ്പേ ജനിച്ചവനാണ് എന്നു പറയുക വഴിയായി സൂനഹദോസ് ലക്ഷ്യമിടുന്നത്. എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും, ഏക കർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്ന് സൂനഹദോസ് പഠിപ്പിക്കുമ്പോൾ പുത്രൻ പിതാവിന്റെ സൃഷ്ടിയാണ് എന്ന ആരിയൂസിന്റെ പഠനത്തെ സൂനഹദോസ് ആവർത്തിച്ചു നിഷേധിക്കുകയാണ്. അവൻ സൃഷ്ടിക്കപ്പെടാത്തവനാണെന്നും അനാദിയിൽ പിതാവിൽനിന്നും ജനിച്ച ഏകജാതനായ പുത്രനാണെന്നും സൂനഹദോസ് പഠിപ്പിക്കുന്നു.

**2.3 പുത്രൻ - പിതാവിനോട് ദൈവത്വത്തിൽ തുല്യൻ:** അവിടുന്നു സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെയുള്ള ഏക സത്തയുമാകുന്നു എന്നാണ് നിഖ്യാ സൂനഹദോസ് പഠിപ്പിക്കുന്നത്. ഏകദൈവത്തിൽ ഒരാൾ മാത്രമേയുള്ളൂ എന്നു പഠിപ്പിച്ച



ആരിയൂസിനുള്ള മറുപടിയാണ് പുത്രൻ സത്യദൈവത്തിൽ നിന്നുള്ള സത്യദൈവമാണ് എന്ന പഠനം. പുത്രൻ സത്യദൈവം തന്നെയാണ്. പുത്രൻ പിതാവിനോട് ഏക സത്തയാണ്. പിതാവിന്റെ ദൈവികസത്ത തന്നെയാണ് പുത്രന്റെയും. ദൈവത്വത്തിൽ അവർ സമരാണ്. അതിനാലാണ് എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു എന്ന് ഈശോയ്ക്കു പറയാൻ സാധിച്ചത്. "അങ്ങനെയെങ്കിൽ, പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ച എന്നെ ഞാൻ ദൈവപുത്രനാണ് എന്നു പറഞ്ഞതുകൊണ്ട്, നീ ദൈവദൂഷണം പറയുന്നു എന്നു നിങ്ങൾ കുറ്റപ്പെടുത്തുന്നുവോ? ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ടാ. എന്നാൽ, ഞാൻ അവ ചെയ്യുന്നെങ്കിൽ, നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിലും ആ പ്രവൃത്തികളിൽ വിശ്വസിക്കുവിൻ. അപ്പോൾ, പിതാവ് എന്നിലും ഞാൻ പിതാവിലും ആണെന്നു നിങ്ങൾ അറിയുകയും ആ അറിവിൽ നിലനിൽക്കുകയും ചെയ്യും" (യോഹ 10,36-38). എന്ന ഈശോയുടെ വാക്കുകൾ പിതാവും പുത്രനും തമ്മിലുള്ള സത്താപരമായ യോജിപ്പ് സൂചിപ്പിക്കുന്നു. "ഞാനും പിതാവും ഒന്നാണ്" (യോഹ 10,30) എന്ന തിരുവചനം ഈ സത്യം അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു.

**2.4 പുത്രൻ - പിതാവിനോടൊപ്പം സൃഷ്ടിയിൽ സഹകാരി:** അവിടുന്നു വഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും, എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു എന്നാണ് നിഖ്യാ സൂനഹദോസ് സൃഷ്ടികർമത്തിലെ പുത്രന്റെ സഹകരണത്തെക്കുറിച്ചു പറയുന്നത്. "ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല" (യോഹ 1,1-3) എന്ന യോഹന്നാന്റെ വാക്കുകൾ സൃഷ്ടിക്കപ്പെട്ട സകലതും പുത്രനിലൂടെയാണ് സൃഷ്ടിക്കപ്പെട്ടതെന്നും എന്നാൽ വചനം തന്നെയായ പുത്രൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്ന ദൈവമായിരുന്നു എന്നും നമ്മെ പഠിപ്പിക്കുന്നു. അതിനാൽ പുത്രൻ സൃഷ്ടിയല്ല, സ്രഷ്ടാവാണ്.

(തുടരും)



ജൂബിലി 2025

പ്രത്യാശയുടെ തീർത്ഥാടകർ

3

‘പ്രത്യാശ’
ദൈവദാസൻ
വില്യം ജകൃീന്തായുടെ ചിന്തകളിൽ



# നമ്മുടെ പ്രത്യാശ ദൈവത്തിൽ

**റോസമ്മ കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**നാം** ജീവിക്കുന്ന കാലഘട്ടത്തെയും സാഹചര്യങ്ങളെയും വിലയിരുത്തേണ്ടത് ആവശ്യമാണ്. നമ്മെ ഭാരപ്പെടുത്തുന്ന, നേരിടാൻ കഴിയാതെ നാം തളർന്നുപോകുന്ന, യാഥാർത്ഥ്യങ്ങളാണ് സമൂഹത്തിൽ നാം കണ്ടുമുട്ടുന്നത്. തലമുറകളെത്തന്നെ നശിപ്പിക്കുന്ന, സ്കൂൾതലം മുതലുള്ള മയക്കുമരുന്ന് കച്ചവടവും അതിന്റെ ഉപയോഗവും ലഹരിയുടെ ബലത്താൽ വർദ്ധിച്ചുവരുന്ന ക്രൂരതകളുമൊക്കെ അതിനുദാഹണങ്ങളാണ്. ഓരോ ദിവസവും മുന്നോട്ടുപോകുന്തോറും നാം നടന്നു നീങ്ങിക്കൊണ്ടിരിക്കുന്നത് അഗാധ ഗർത്തത്തിന്റെയും ദുരന്തത്തിന്റെയും നേർക്കാണ് എന്നു പറയുന്നതിൽ അതിശയോക്തിയുണ്ടെന്നു തോന്നുന്നില്ല.

മനുഷ്യജീവിതത്തിന്റെ സന്തതസഹചാരികളായിരിക്കുന്ന ഇത്തരം സാഹചര്യങ്ങളിൽനിന്നും നമുക്ക് എപ്രകാരം സ്വതന്ത്രരാകാൻ കഴിയും? ഇവയുടെയൊക്കെമുമ്പിൽ നാം ഒരു പുതിയ യാഥാർത്ഥ്യത്തിന്റെ വാഹകരാകണമെന്ന് എങ്ങനെ ചിന്തിക്കാനാവും? വ്യഗ്രതയാർന്ന ഒരു മനസ്സോടെ ഭാവിയെക്കുറിച്ചോർത്താൽ ഭയമാണ് ഉണ്ടാവുക. എന്നാൽ നിരാശാജനകമായ രീതിയിൽ ചിന്തിക്കുവാനോ സംസാരിക്കുവാനോ ഒരു ക്രൈസ്തവനു സാധിക്കുകയില്ല. കാരണം ക്രിസ്തീയത സർവപ്രധാനമായും പ്രത്യാശയിലും നമ്മുടെ ഉത്തരവാദിത്വങ്ങളിലുമാണ് അടിസ്ഥാനമിട്ടിരിക്കുന്നത്. അതു നാം മറക്കരുത്. ഈ രണ്ടു യാഥാർത്ഥ്യങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടുമാത്രമേ നല്ല തമ്പുരാൻ നമുക്കായി ഒരുക്കുന്ന ‘നാളെയെ’ പ്രസന്നമുഖത്തോടെ, തുറന്ന മിഴികളോടെ നോക്കാൻ കഴിയൂ. ദൈവത്തെ അള്ളിപ്പിടിച്ചുകൊണ്ടുള്ള കഠിനമായ താപസികതയും പരിത്യാഗവും അർപ്പണവുമൊക്കെ നമ്മുടെ ഭാഗത്തുനിന്നുണ്ടാവണം.

ആദ്യമായി കർത്താവിലാണ് നാം നമ്മുടെ പ്രതീക്ഷ വയ്ക്കേണ്ടത് എന്നതു വ്യക്തമാണല്ലോ. എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ സർവശക്തിയിലും അവിടുത്തെ സ്നേഹത്തിലും നാം വിശ്വസിക്കുന്നു. കൂടാതെ അവിടുത്തെ സ്നേഹത്തിലേക്ക് നമ്മെത്തന്നെ പൂർണമായി വിട്ടുകൊടുക്കുകയും നമ്മുടെ ജീവിതം ആ സ്നേഹത്തിന് അടിയറ വയ്ക്കുകയും വേണം. അങ്ങനെ ആത്മവിശ്വാസത്തോടെ ഭാവിയെ നമുക്ക് ഉറ്റുനോക്കാം. ആ ‘നാളെ’ എന്തെല്ലാം സംഭവവികാസങ്ങളാൽ ആവരണം ചെയ്യപ്പെട്ടതായാലും, നമ്മുടെ കഴിവുകൾക്കപ്പുറം പോകുന്ന എല്ലാത്തിനെയും അതിജീവിക്കുന്ന ദൈവപിതാവിലും അവിടുത്തെ സർവശക്തിയിലും നാം വിശ്വസിക്കുന്നു. അതുകൊണ്ട് നാളെയുടെ നേർക്ക് ശാന്തതയോടെ നമുക്കു യാത്ര ചെയ്യാം.

ഈ വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് ഭാവിയെ സഭ ശാന്തതയോടെ നേരിടുന്നത്. സഭയെ തകർക്കുമെന്നു തോന്നിപ്പോകുന്ന കൊടുങ്കാറ്റുകൾ ആഞ്ഞടിക്കുമ്പോഴും അവൾ ശാന്തത കൈവെടിയുന്നില്ല. കാരണം, നല്ല ദൈവം തന്റെ സൃഷ്ടിയായ സഭയുടെമേൽ എപ്പോഴും ജാഗ്രതയും കരുതലുമുള്ളവനാണ്.

മനുഷ്യൻ തന്റെ കഴിവിന്റെ, സാധ്യതയുടെ അടിത്തട്ടിലെത്തുമ്പോൾ, അവനിനി മുന്നോട്ടു പോകുവാൻ കഴിവില്ലാതാകുമ്പോൾ ആ ദുരന്താവസ്ഥയിൽ ദൈവത്തിന്റെ സർവശക്തി ഇട പെടുന്നു. സർവശക്തനായ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം അവിടെ തുടങ്ങുന്നു. ദൈവത്തിന്റെ ഈ അനന്തസ്നേഹത്തിലാണ് നാം ആശ്രയം വയ്ക്കുന്നത്. നമുക്ക് ആവശ്യമു ള്ളതെല്ലാം നല്കുന്നതിനായി, നമ്മുടെ ദരിദ്രാവസ്ഥയെ കാണുകയും അനുധാവനം ചെയ്യു കയും ചെയ്യുന്ന കരുണാർദ്രമായ ഈ സ്നേഹത്തിലാണ് നാം ആശ്രയിക്കുന്നത്. സ്വർഗസ്ഥ നായ പിതാവിനെ വിളിച്ചപേക്ഷിക്കുമ്പോൾ നമ്മുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനായി അവിടുന്നു നമ്മിൽ സന്നിഹിതനാകുന്നു എന്നു നാം ഉറച്ചു വിശ്വസിക്കണം.

പ്രത്യാശയ്ക്കുള്ള രണ്ടാമത്തെ കാരണം നമ്മുടെ ഉത്തരവാദിത്വത്തിലാണ് അടങ്ങിയിരി ക്കുന്നത്. നല്ല തമ്പുരാൻ അവിടുത്തെ ബുദ്ധിയുടെ ഒരു ചെറുകിരണം നമുക്കു നല്കി. അതു കൊണ്ട് നമുക്കു കാര്യകാരണ സഹിതം വാദപ്രതിവാദങ്ങൾ നടത്തുന്നതിനുള്ള കഴിവുണ്ട്. ബൗദ്ധികമായ (human reason) ഈ കഴിവിൽമാത്രം ആശ്രയിച്ചു മുന്നോട്ടുപോയാൽ അതു നമ്മെ നാശത്തിലേക്കു നയിക്കും എന്നു നാം തിരിച്ചറിയണം. നമ്മെ രക്ഷിക്കുന്ന ഏകകാര്യം സ്നേഹത്തിന്റെ സംസ്കാരമാണ്. അതായത്, സാഹോദര്യത്താലും സ്നേഹത്താലും ജീവിത യാഥാർത്ഥ്യങ്ങളെല്ലാം ക്രമീകരിക്കുന്ന ഒരു ലോകം സംജാതമാക്കുക. ഇന്നു നാം ജീവിക്കുന്ന സംസ്കാരം സ്വയം നശീകരണ സ്വഭാവമുള്ള ഒര വസ്ഥയിലാണ്. കാരണം, എല്ലാ കഴിവുകളു ടെയും ഉടമയാണെന്ന് അഹങ്കരിക്കുന്ന മനു ഷ്യൻ, ദൈവത്തെക്കൂടാതെ മുന്നേറാമെന്ന ധാരണയിലാണു ജീവിക്കുന്നത്. ഇതു നാശത്തിലേക്കു കൂപ്പുകുത്തിക്കുമെന്ന തിൽ സംശയം വേണ്ട. പരിപൂർണ മായ ഒരു മാറ്റത്തിനും സ്നേഹ ത്തിന്റെ സംസ്കാരം വളർത്തി യെടുക്കുന്നതിനും ദൈവ ത്തിൽ പ്രത്യാശയർപ്പി ച്ചുകൊണ്ട് ഓരോരു ത്തരും പരിശ്രമി ക്കണം.



# സെനക്കിൾ തരംഗം

## സന്ദേശം

പ്രിയപ്പെട്ട  വൈദികസഹോദരരേ,

ആരാധനാവത്സരത്തിൽ നോമ്പുകാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. മനുഷ്യഹൃദയത്തിൽനിന്നു പാപത്തെ വേരോടെ ഉന്മൂലനം ചെയ്ത് ദൈവജനത്തെ മാനസാന്തരത്തിലേക്കും ഹൃദയവിശുദ്ധിയിലേക്കും ആനയിക്കാനുള്ള അവസരമാണ് നോമ്പുകാലം. സമാന്തരസുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്ന ഈശോയുടെ നാല്പതുദിവസത്തെ ഉപവാസവും പ്രാർത്ഥനയുമാണ് (മർക്കോ 1,12-13; മത്താ 4,1-11; ലൂക്കാ 4,1-13) വലിയ നോമ്പുകാലത്തിന്റെ അടിസ്ഥാനം. നോമ്പിന്റെ ലക്ഷ്യം ജീവിതനവീകരണമാണ്. മിശിഹായോട് അനുരൂപപ്പെടാനും സഹോദരങ്ങളോട് അനുരഞ്ജനപ്പെടാനും ആത്മീയമായി ശക്തിനേടാനുമുള്ള അവസരമാണ് നോമ്പുകാലം. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ആത്മനിഗ്രഹത്തിലൂടെയും ഈശോയുടെ ഉയിർപ്പുതിരുനാളിന് ഒരുങ്ങുവാൻ ദൈവജനത്തെ ഉദ്ബോധിപ്പിച്ചുകൊണ്ട് നമുക്ക് അജപാലകശുശ്രൂഷ നിർവഹിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യുവെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

2025 ഫെബ്രുവരി മാസം 11-12 തീയതികളിൽ സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് പതിവുപോലെ സെനക്കിൾ മീറ്റിംഗ് നടന്നു. വി. യോഹന്നാന്റെ സുവിശേഷം 20-ാം അദ്ധ്യായം 1 മുതൽ 10 വരെയുള്ള വാക്യങ്ങളാണ് ഇപ്രാവശ്യം ധ്യാനത്തിനും പങ്കുവയ്ക്കലുമായി സ്വീകരിച്ചത്. മിശിഹായുടെ ഉത്ഥാനത്തെ സൂചിപ്പിക്കുന്ന ശൂന്യമായ കല്ലറയും കല്ലറയിൽ കിടന്ന കച്ചയും തലയിൽ കെട്ടിയിരുന്ന തൂവാലയും കണ്ടു വിശ്വസിച്ച പത്രോസിന്റെയും യോഹന്നാന്റെയും വിശ്വാസം ശ്ലൈഹിക ആധികാരികതയുള്ള സഭയുടെ വിശ്വാസത്തിന്റെയും ആരാധനക്രമ ആഘോഷത്തിന്റെയും അടിസ്ഥാനമായതിനെക്കുറിച്ചുള്ള പങ്കുവയ്ക്കലുകൾ സജീവവും അർത്ഥസമ്പുഷ്ടവുമായിരുന്നു.



# അവൾ പുല്ല് തിന്നുകയാണ്

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**പ്രാ**ണനു തുല്യം സ്നേഹിച്ച ഒരാളുടെ പ്രാണൻ പിരിയാൻ പോകുന്ന നേരത്ത് അദ്ദേഹത്തിന്റെകൂടെ നിന്നു ശുശ്രൂഷിച്ചയാൾ ഫോണിലൂടെ വിളിച്ചുപറഞ്ഞു: “എടുത്തു വലിക്കുകയാണ്. നിന്നെ കാണാൻ ആഗ്രഹിക്കുന്നു. ഉടൻ വരണം”. ഫോൺ നിലച്ചു. അടുത്ത നിമിഷം അവൾ തിരിച്ചറിഞ്ഞു, എന്തൊക്കെയോ എവിടെയൊക്കെയോ നിലച്ചു പോയതുപോലെ.... തനിക്കു ചുറ്റും ഭൂമി കറങ്ങുകയാണ്.... അണപൊട്ടിയൊഴുകിയ ദുഃഖം കണ്ണുനീരായി കവിളിലൂടെ ഒലിച്ചിറങ്ങി.... എങ്കിലും തന്റെ വേദനയെ അതിജീവിച്ച്, തന്റെ ഉത്തരവാദിത്വങ്ങളൊക്കെ മറ്റൊരാളെ ഏൽപ്പിച്ച് ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് ഇറങ്ങാൻ തുടങ്ങിയപ്പോൾ വീണ്ടും ഫോൺകോൾ! “ഒരുപക്ഷേ ഇവിടെ എത്തുന്നതിനു മുമ്പ് എന്തും സംഭവിക്കാം”.... അടക്കിവെച്ച ദുഃഖം വീണ്ടും അണപൊട്ടി ഒഴുകി.... തന്റെ വീട്ടിലെ ത്തിയ ഉടനെതന്നെ കരച്ചിലിനും ഏങ്ങലടികൾക്കുമിടയിൽ അവൾ എങ്ങനെയൊക്കെയോ ഏറ്റവും അടുത്ത സുഹൃത്തുക്കളെ വിവരം ധരിപ്പിച്ചു.

ചങ്ങാതീ... നീ വിചാരിക്കുന്നുണ്ടാവും, തലക്കെട്ടുമായി ഒരു ബന്ധവും ഇല്ലാത്ത, കരച്ചിലിന്റെ കാര്യങ്ങളൊക്കെ എന്തിനാ ഇങ്ങനെ നീട്ടിപ്പരത്തി പറയുന്നതെന്ന്....

കാര്യമുണ്ട് സുഹൃത്തേ, പിറ്റേ ദിവസം അവൾ കേട്ട വിമർശനശരങ്ങളാണ് എന്നെ അതിനു പ്രേരിപ്പിച്ചത്.... എന്തൊരു സീനാ ഇന്നലെ നീ ഉണ്ടാക്കിയത്.... ഇപ്പോൾ ഒരാൾ മരിച്ചാൽ പോലും ആരും കരയില്ല.... പബ്ലിക് പേഴ്സൺ കരയാൻ പാടുണ്ടോ? കരയണമെങ്കിൽ മുറിയിൽ കയറി കതകടച്ച് മറ്റാരും കാണാതെ കരയണം. എത്രപേർക്കാ ബുദ്ധിമുട്ട് ഉണ്ടാക്കിയത്.... ഇപ്പോൾ കെട്ടിയവൻ മരിച്ചാൽ പോലും കെട്ടിയവൾ കരയില്ല....

അപ്പോഴാണ് പുല്ല് തിന്നുന്ന കെട്ടിയവളുടെ കാര്യം ഓർത്തത്. പ്രാണനു തുല്യം സ്നേഹിച്ച ഭർത്താവ് അകാലത്തിൽ ആകസ്മികമായി മരണമടഞ്ഞു. ഒന്നര വയസ്സും രണ്ടുമാസവും മാത്രം പ്രായമുള്ള രണ്ട് കൈക്കുഞ്ഞുങ്ങൾ ...!

മൃതശരീരത്തെ കെട്ടിപ്പിടിച്ച് പൊട്ടിക്കരയാൻ തുടങ്ങിയപ്പോൾ ചുറ്റും നിന്നവർ ശാസിച്ചു: "കരയരുത്". അവൾ കരച്ചിലൊതുക്കി. മൃതദേഹം വീട്ടിൽനിന്നും എടുത്തപ്പോൾ അവൾ വീണ്ടും കരയാൻ തുടങ്ങി. ബന്ധുക്കൾ വീണ്ടും ശാസിച്ചു: "കരയരുത്". കരയുന്നതു മോശമാണ്. അവൾ കരച്ചിൽ അമർത്തി. പിന്നീട് അവൾ കരഞ്ഞില്ല. നിർവികാരയായി അവൾ ശവമഞ്ചത്തെ അനുഗമിച്ചു. സ്വന്തക്കാർക്കും ബന്ധുക്കൾക്കും ആശ്വാസം....

മൃതശരീരം അടക്കം ചെയ്തപ്പോഴും അവൾ കരഞ്ഞില്ല! ഒരുതരം അസ്വഭാവികമായ നിർവികാരത! പിന്നീട് കേട്ടത് അവൾ സെമിത്തേരിയിൽ ഇരുന്ന് പുല്ലു പറിച്ച് തിന്നുകയാണെന്നാണ്!!

മനസ്സിന്റെ സമനില തെറ്റിയിരിക്കുന്നു. ഫാമിലി കൗൺസിലർ കൂടിയായ ഇടവകയിലെ കൊച്ചച്ചന്റെ അടുത്ത് ആൾക്കാർ ഓടിയെത്തി പുല്ല് തിന്നുന്നവളുടെ കാര്യം പറഞ്ഞു. അച്ചനു കാര്യം മനസ്സിലായി

അദ്ദേഹം തിടുക്കത്തിൽ അവളുടെ അടുക്കൽ എത്തി. പ്രിയതമനെക്കുറിച്ചുള്ള സ്നേഹത്തിന്റെ ഓർമ്മകൾ ഓരോന്നായി ഓർമ്മിപ്പിച്ച് അവളെ കരയിപ്പിച്ചു. ഓരോന്നു പറയുമ്പോഴും അവളുടെ കരച്ചിൽ ഉച്ചത്തിലായി. അദ്ദേഹം അവളെ വീണ്ടും വീണ്ടും കരയാൻ അനുവദിച്ചു.

നിരന്തര കൗൺസിലിങ്ങിലൂടെ അവൾ മാനസികാരോഗ്യം വീണ്ടെടുത്തു! ഇന്ന് വേർപാടിന്റെ വേദനയെ അതിജീവിച്ച് അതിജീവനത്തിന്റെ പാഠങ്ങൾ സമൂഹത്തിനു പകർന്നു നൽകുന്നവളായി അവൾ മാറി:

എന്റെ സുഹൃത്ത് ചോദിച്ചു: കരയുന്നത് മോശമാണോ.... ഞാനൊന്നു കരഞ്ഞപ്പോൾ എന്തിനാ എല്ലാവരുംകൂടി ഇത്രയും വിമർശിച്ചത്....

അല്ല അല്ല എന്നായിരം വട്ടം പറയാൻ എനിക്കൊരാളുണ്ട്. അതിദാരുണമായ മരണത്തെ ചങ്കൂറ്റത്തോടെ നേരിട്ടവനാണ് അവൻ. എല്ലാ സഹനത്തെയും രക്തം വിയർത്ത വേദനയെയും ദൈവഹിതമായി സ്വീകരിച്ചവൻ. തെറ്റ് തെറ്റാണെന്ന് ആരുടെ മുഖത്തു നോക്കിയും വിളിച്ചു പറയാൻ ധൈര്യം കാട്ടിയവൻ. അത്ഭുതങ്ങൾ പ്രവർത്തിച്ചവൻ. ദൈവപിതാവിന്റെ അനന്ത സ്നേഹത്തെ പ്രസംഗിച്ച പബ്ലിക് സ്പീക്കർ! അവൻ പബ്ലിക്കിന്റെ മുൻപിൽ കരഞ്ഞു!

വചനം സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്: "ഈശോ കണ്ണീർ പൊഴിച്ചു. യഹൂദർ പറഞ്ഞു: നോക്കൂ അവൻ എത്രമാത്രം അവനെ സ്നേഹിച്ചിരുന്നു" (യോഹ 11,35).

അതെ മരിച്ച ലാസർ അവന് അത്രമേൽ പ്രിയപ്പെട്ടവനായിരുന്നു. അവനെ പ്രാണനു തുല്യം സ്നേഹിച്ചതുകൊണ്ടാണ് അവന്റെ വേർപാടിൽ അവൻ കണ്ണീർ പൊഴിച്ചത്. അതുകൊണ്ടുതന്നെയാണ് യഹൂദർ പറഞ്ഞത്, അവൻ എത്രമാത്രം അവനെ സ്നേഹിച്ചിരുന്നു എന്ന്.

ചങ്ങാതീ, വികാരങ്ങൾ നഷ്ടപ്പെട്ട, സ്നേഹത്തിന്റെ ഊഷ്മളത നഷ്ടപ്പെട്ട ഇന്നിന്റെ ന്യൂജെൻ ലോകത്തിൽ നമുക്ക് കുറച്ചുകൂടി സ്നേഹിക്കുന്നവരാകാം. സ്നേഹത്തിന്റെ ഓർമ്മകൾ നിന്റെ കണ്ണുകളെ ഈറനണയിക്കുന്നെങ്കിൽ അത് നല്ലതു തന്നെയാണ്.... നീ സ്നേഹിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവ്!



# യഹോയാദാ

**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

യഹോറാം രാജാവിന്റെ മകളും അഹസിയാ രാജാവിന്റെ സഹോദരിയുമായ യഹോഷേബായുടെ ഭർത്താവാണ് യഹോയാദാ പുരോഹിതൻ. അഹസിയായുടെ മരണശേഷം അമ്മ അത്താലിയാ സ്വയം രാജ്ഞീപദം ഏറ്റെടുക്കുകയും രാജകുടുംബത്തിൽപ്പെട്ട സകലരെയും വധിക്കുകയും ചെയ്തു. ആ അവസരത്തിൽ അഹസിയായുടെ സഹോദരി യഹോഷേബാ അദ്ദേഹത്തിന്റെ മകൻ യോവാഷിനെ എടുത്ത് ആയയോടൊപ്പം ഒരു ശയനമുറിയിൽ ഒളിപ്പിച്ചു. അങ്ങനെ ആറു വർഷം യോവാഷ് യഹോഷേബായോടും യഹോയാദാ പുരോഹിതനോടുമൊപ്പം ദേവാലയത്തിൽ ഒളിവിൽ വളർന്നു. രാജപുത്രനായ കുഞ്ഞു യോവാഷിനെ പിതൃതുല്യം പരിപാലിച്ചു വളർത്തുന്ന പുരോഹിതൻ.... ആ കുഞ്ഞുജീവനെ സംരക്ഷിക്കുക വഴി അവർ ഒരു രാജപാരമ്പര്യം കാത്തുസൂക്ഷിക്കുക മാത്രമല്ല, ദൈവജനത്തിന്റെ പ്രതീക്ഷയെ ത്തന്നെയാണ് സംരക്ഷിച്ചത് (2 ദിന 2,11-12).

ദൈവത്തോടുള്ള തന്റെ വിശ്വസ്തതയും യഹൂദജനത്തോടുള്ള കടമയും അദ്ദേഹം നിർവ്വഹിക്കുന്നു. യോവാഷിനെ ഒളിവിൽ പാർപ്പിക്കുന്നത് വെല്ലുവിളി നിറഞ്ഞതാണെങ്കിലും ധീരതയോടെ അതു തന്റെ കടമയായി ഏറ്റെടുക്കുന്ന പുരോഹിതൻ.... ഏഴാം വർഷം യഹോയാദാ പുരോഹിതൻ യൂദായിലെങ്ങുമുള്ള ലേവ്യരെയും കുടുംബത്തലവന്മാരെയും വിളിച്ചുകൂട്ടി. രാജപുത്രനെ അവർക്കു കാണിച്ചുകൊടുത്തു. ദേവാലയത്തിൽവച്ച് പുരോഹിതൻ രാജാവുമായി അവരെക്കൊണ്ട് ഉടമ്പടി ചെയ്യിപ്പിച്ചു. ദേവാലയവാതിൽക്കൽ കാവൽനിൽക്കാനും രാജകൊട്ടാരം കാക്കാനും അടിസ്ഥാനകവാടത്തിൽ നിലയുറപ്പിക്കാനുമായി ആളുകളെ ഗണങ്ങളായി

തിരിച്ച് പുരോഹിതൻ നിയോഗിച്ചു. രാജാവിന് സുരക്ഷനൽകാൻ ആയുധമേന്തി ലേവ്യരെ ചുറ്റും നിർത്തി. ലേവ്യരും യൂദാനിവാസികളും യഹോയാദാ പുരോഹിതന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ചു. ദേവാലയത്തിൽ സൂക്ഷിച്ചിരുന്ന ദാവീദുരാജാവിന്റെ കുന്തങ്ങളും ചെറുതും വലുതുമായ പരിചകളും നായകനെ ഏൽപ്പിച്ച് ആലയത്തിനും ബലിപീഠത്തിനും സുരക്ഷ ഏർപ്പെടുത്തി. അങ്ങനെ യൂദാജനത്തെ ഗണംതിരിച്ച് രാജാവിനും ദേവാലയത്തിനും അദ്ദേഹം ധൈര്യപൂർവ്വം കാവലേർപ്പെടുത്തുന്നു.

അഹസിയാ രാജാവിന്റെ മകൻ യോവാഷിനെ ഏഴാം വയസ്സിൽ രാജകിരീടമണിയിച്ച് അധികാരപത്രവും നല്കി, ജനത്തിനു രാജാവായി അവനെ അഭിഷേകം ചെയ്തു. അപകടമുഖത്തുനിന്ന് ധീരതയോടെ, അത്താലിയായുടെ അനീതിയുടെയും അക്രമത്തിന്റെയും നടുവിൽ ഉറച്ച ബോധ്യത്തോടെ, കുഞ്ഞുയോവാഷിനെ യഹോയാദാ പുരോഹിതൻ കാണിച്ചുകൊടുക്കുന്നു. അതിനു മുന്നോടിയായി രാജാവിന്റെ ഇരിപ്പിടവും ദേവാലയവും സുരക്ഷിതമാണെന്ന് പുരോഹിതൻ ഉറപ്പുവരുത്തുന്നു. അനീതിയെയും അന്ധകാരശക്തിയെയും നേരിടാൻ, നീതിയുള്ള പുരോഹിതൻ കാണിക്കുന്ന തീക്ഷണത പ്രശംസനീയമാണ്. തന്റേതായ വ്യക്തിതാൽപര്യങ്ങളോ മോഹങ്ങളോ ആ വിനീതപുരോഹിതനിൽ കാണാനില്ല. ദൈവരാജ്യത്തിന്റെ സുസ്ഥിതിയെ പരിപാലിക്കാൻ അദ്ദേഹം മുൻകൈയെടുത്തു പ്രവർത്തിക്കുന്നു. ഒരു ബാലനോടൊപ്പം ദൈവം ഒരു ബലവാനെ നിർത്തുന്നതാണീ കാണുക!

യോവാഷിനെ രാജാവാക്കിയതറിഞ്ഞ് ആക്രോശവുമായി കർത്താവിന്റെ ആലയത്തിലേക്ക് എത്തിയ അത്താലിയായെ വധിക്കാൻ യഹോയാദാ പുരോഹിതൻ നിർദ്ദേശം നൽകി. ദേവാലയത്തിന് പുറത്തുകൊണ്ടുവന്ന് അവളെ വധിക്കാൻ സേനാധിപന്മാരെ അദ്ദേഹം നിയോഗിച്ചു. അശ്വകവാടത്തിൽ കൊണ്ടുവന്ന് അവളെ വധിച്ചശേഷം, തങ്ങൾ കർത്താവിന്റെ ജനമായിരിക്കുമെന്ന് പുരോഹിതനായ യഹോയാദായും രാജാവും ജനംമുഴുവനും ഉടമ്പടി ചെയ്തു. ബാലിന്റെ ദേവാലയം തകർത്തു. പിന്നീട് ബാൽദേവനെതിരായി ജനരോഷമിളക്കി ബാൽക്ഷേത്രങ്ങളും ദേവപ്രതിഷ്ഠകളും തച്ചുടച്ചു. അങ്ങനെ ഒരിക്കൽക്കൂടി വിഗ്രഹാരാധന നിയന്ത്രണ വിധേയമാക്കി. ബാലിന്റെ പുരോഹിതനായ മത്താനെ ബലിപീഠത്തിനു മുമ്പിൽവച്ച് വധിച്ചു. ജറുസലേം ദേവാലയത്തിന്റെ അറ്റകുറ്റപണികൾ നടത്തി. മരപ്പണിക്കാരും കല്പണിക്കാരും കെട്ടിടം പണിക്കാരുമെല്ലാം അത്യുത്സാഹത്തോടും ഉന്മേഷത്തോടും പണിചെയ്തു. കർത്താവിന്റെ ആലയത്തിന് ലേവ്യരുടെ മേൽനോട്ടത്തിൽ കാവൽ ശക്തമാക്കി.

ഒരു പുരോഹിതന്റെ നേതൃത്വപാടവം എത്ര വലുതാണെന്ന് യഹോയാദാ പുരോഹിതന്റെ ജീവിതം തുറന്നുകാട്ടുന്നു. ദൈവത്തിനും ദൈവജനത്തിനുമായി തന്റെ കഴിവും ആരോഗ്യവും സമയവും സകല വൈഭവവും സമർപ്പിക്കുന്ന പുരോഹിതൻ! നല്ല മാർഗദർശിയായിരുന്നുകൊണ്ട് ദേവാലയത്തിന്റെ നിർമ്മിതിയും നിലനിൽപ്പും ശ്രേഷ്ഠമാക്കാൻ അദ്ദേഹം കാണിക്കുന്ന ഉത്സാഹം മഹനീയമാണ്. ദൈവത്തിൽ ആശ്രയിക്കാൻ യോവാഷെന്ന കൊച്ചുരാജാവിനുവേണ്ട എല്ലാ നിർദ്ദേശങ്ങളും വിശ്വാസശൈലിയും പകർന്നുനല്കുന്നു. വരുംതലമുറയ്ക്കായി ശക്തിയും തെളിമയുമുള്ള ഒരു നല്ല ആത്മീയപൈതൃകം പുരോഹിതൻ അവർക്കായി കാഴ്ചവയ്ക്കുന്നു (2 ദിന 24,1-3). അതുകൊണ്ടുതന്നെ യഹോയാദായുടെ ജീവിതകാലമത്രയും യോവാഷ് കർത്താവിന്റെ മുമ്പിൽ നീതി പ്രവർത്തിച്ചു. കർത്താവിന്റെ ആലയം അങ്ങനെ പൂർവ്വസ്ഥിതി പ്രാപിച്ചു. തുടർന്ന് അവിടുത്തെ ആലയത്തിൽ ദഹനബലികൾ ആരംഭിച്ചുതുടങ്ങി. ദൈവത്തിന്റെ സർവ്വമഹത്ത്വം എപ്പോഴും അംഗീകരിച്ച പുരോഹിതൻ, ദൈവത്തിൽ ദൃഢമായി വിശ്വസിച്ച്, വിശ്വസ്തനായി നിലകൊള്ളുകയും ദൈവകേന്ദ്രീകൃതമായ ജീവിതത്തിന് മാതൃക നല്കു

കയും ചെയ്തിരുന്നു. പൂർണ്ണവാർദ്ധക്യത്തിലെത്തി യഹോയാദാ പുരോഹിതൻ മരിച്ചു. മരിക്കുമ്പോൾ അദ്ദേഹത്തിന് നൂറ്റിമുപ്പതു വയസ്സായിരുന്നു. ദൈവത്തെപ്രതിയും അവിടുത്തെ ആലയത്തെപ്രതിയും ജീവിതകാലമത്രയും അധ്വാനിച്ച യഹോയാദാ പുരോഹിതനെ ദാവീദിന്റെ നഗരത്തിൽ രാജാക്കന്മാരുടെ ഇടയിൽ സംസ്കരിച്ചു. മറ്റു പുരോഹിതർക്ക് ലഭിച്ചതിനേക്കാൾ ബഹുമതിയുള്ള ശവകുടീരം രാജാക്കന്മാരുടെ ഇടയിൽ അദ്ദേഹത്തിന് ലഭിച്ചു. അശാന്തിയുടെ തീരങ്ങളിലും ദൈവത്തിന്റെ പരമാധികാരത്തെ അംഗീകരിച്ചു ജീവിക്കാൻ നിശബ്ദമായി പറഞ്ഞുകൊണ്ട് യഹോയാദാ പുരോഹിതൻ കടന്നുപോയി.

**യഹോയാദാ പുരോഹിതനിൽനിന്നുള്ള പാഠം**

**-ദൈവാശ്രയത്തിന്റെയും വിശ്വാസത്തിന്റെയും ജീവിതം നയിക്കുക.**
**-ദൈവികബോധ്യങ്ങളിൽ ഉറച്ചുനിൽക്കുക**
**-ധീരതയോടെ തിന്മയ്ക്കെതിരെ പോരാടുക.**
**-ആത്മീയശൈലി ആദ്യം സ്വന്തം ജീവിതത്തിൽ പുലർത്തുക.**
**-അനീതിയോടും അക്രമത്തോടും എതിരിടാൻ ദൈവത്തിൽ എപ്പോഴും വിശ്വാസമർപ്പിക്കുക.**

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192



# മടുപ്പുകൂടാതെ വീണ്ടും തുടങ്ങുക

സുജ ചോതിരക്കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**അ**നുതാപത്തിന്റെയും പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും തീർത്ഥാടനങ്ങളുടെയും ആധ്യാത്മിക വിചിന്തനങ്ങളുടെയും പരിവർത്തന ത്തിന്റെയുമൊക്കെ കാലമാണ് നോമ്പുകാലം. പിന്നിട്ട വഴികളിലേക്കു തിരിഞ്ഞുനോക്കി ദൈവമേ എനിക്ക് തെറ്റുപറ്റിപ്പോയി എന്ന് ഏറ്റുപറയുവാനുള്ള ഒരു തിരിഞ്ഞുനോട്ടത്തിന്റെ നാൾവഴികളിലൂടെ നടന്നുനീങ്ങുവാൻ ഈ കാലം നമ്മെ പ്രേരിപ്പി ക്കുന്നു. ആത്മാവിന്റെ കറകൾ നീക്കി വിശുദ്ധി യുടെ സ്വാതന്ത്ര്യത്തിലേക്ക്, നന്മയിലേക്ക്, ദൈവത്തിങ്കലേക്ക് നമ്മെ കൂടുതൽ അടുപ്പിക്കുവാ നുള്ള ഒരു സമയമാണിത്. പുനരാരംഭിക്കുവാ നുള്ള സമയം!

വിശുദ്ധ കൊച്ചുത്രേസ്യായുടെ ആത്മഗ്രന്ഥ ത്തിൽ നിരവധി ചവിട്ടുപടികൾക്കു മുകളിൽ നിൽക്കുന്ന അമ്മയുടെ അടുത്ത് എത്താൻവേണ്ടി ചവിട്ടുപടികൾക്കു താഴെ നിൽക്കുന്ന ഒരു കുഞ്ഞിനെക്കുറിച്ച് പറയുന്നുണ്ട്. അമ്മ മുകളിൽനിന്ന് കുഞ്ഞിനെ വിളിക്കുന്നു. കുഞ്ഞ് സർവ്വ കഴിവും ഉപയോഗിച്ച് ചവിട്ടുപടികൾ ഓരോന്നായി ചവിട്ടിക്കയറുവാൻ ശ്രമിക്കുന്നു. പല പ്രാവശ്യം ആവർത്തിച്ചാവർത്തിച്ച് പടികൾ ചവിട്ടുംതോറും കുഞ്ഞ് താഴേക്കു വീഴുന്നു. എങ്കിലും കൈകൾ രണ്ടും നീട്ടി അവന്റെ അമ്മയുടെ പക്കൽ എത്താൻ ശ്രമിക്കുകയാണ്; എത്ര പ്രാവശ്യം വീണാലും പരിശ്രമം നിർത്തിവയ്ക്കുന്ന പ്രശ്നമേയില്ല. ഒരമ്മയ്ക്ക് തന്റെ കുഞ്ഞിന്റെ പരിശ്രമത്തെ എത്രനേരം കണ്ടുനിൽക്കാനാവും! അവൾ മനസ്സലിഞ്ഞ് പടികൾ ഇറങ്ങിവന്ന് കുഞ്ഞിനെ കോരിയെടുത്ത് തന്റെ മാറോടു ചേർത്തുപിടിച്ച് എടുത്തുകൊണ്ടു പോകുന്നു.

ഇതുപോലെതന്നെയാണ് വീണ്ടും വീണ്ടുമുള്ള നമ്മുടെ പരിശ്രമജീവിതത്തിൽ ദൈവത്തിനു നമ്മോടുള്ള മനോഭാവവും. ദൈവത്തിനു മുമ്പിൽ നാം അവിടുത്തെ പിഞ്ചുകുഞ്ഞുങ്ങളാണ്. ദൈവത്തിന്റെ കരവലയത്തിൽ അമരുവാൻ, അവിടുത്തെ പക്കൽ എത്തിച്ചേരുവാൻ ഈ ലോക ജീവിതത്തിലെ ചവിട്ടുപടികളെ ഓരോന്നായി ചവിട്ടിക്കയറാൻ നാം പരിശ്രമിക്കണം. ലൗകിക യാഥാർത്ഥ്യങ്ങൾ നമ്മെ ചുറ്റിവരിയുന്നതിനാൽ നമുക്കു ചവിട്ടുപടികൾ തനിച്ചു കയറുവാൻ പറ്റാത്ത അവസ്ഥ വന്നേക്കാം. എങ്കിലും പരിശ്രമം നിർത്തിവയ്ക്കാതെ ആദ്യം മുതൽ ആരംഭിക്കുന്നതിന് മനസ്സായാൽ മതി. നമ്മുടെ ഈ പരിശ്രമജീവിതം കാണുമ്പോൾ ദൈവം

നമ്മിലേക്ക് ഇറങ്ങിവന്ന് നമ്മെ കൂട്ടിക്കൊണ്ടു പോകും. നമ്മുടെ ഈ നിരന്തര പരിശ്രമം ദൈവത്തിന്റെ നേർക്കുള്ള നമ്മുടെ അതിരറ്റ സ്നേഹവും അവിടുത്തെ പക്കലെത്താനുള്ള അതിയായ അഭിലാഷവും നമ്മുടെ മനഃശക്തിയുമാണ് പ്രകടമാക്കുന്നത്. അതുകൊണ്ട് മടുപ്പു കൂടാതെ വീണ്ടും വീണ്ടും ആദ്യം മുതൽ തുടങ്ങുക.

ഒരു ചവിട്ടുപടി നമ്മുടെ സ്വാർത്ഥപരമായ ആഗ്രഹങ്ങൾക്കും തോന്നലുകൾക്കും വിപരീതമായി പ്രവർത്തിക്കുക എന്നതാണ്. തിന്മയിലേക്കു ചായ്‌വുള്ളതാണ് മനുഷ്യപ്രകൃതി. എല്ലാ തരത്തിലുള്ള തിന്മകളെ ഇല്ലാതാക്കാനും കൂടുതൽ കൂടുതൽ നന്മകൾ നേടിയെടുക്കാനുമാണ് ആധ്യാത്മികജീവിതം നമ്മോടാവശ്യപ്പെടുന്നത്. കുറേക്കൂടി വ്യക്തമായി പറഞ്ഞാൽ ഈശോയുമായി ഒന്നായിത്തീരുന്നതിനുവേണ്ടി നമ്മിലെ നന്മകൾ അതിന്റെ പരമാവധി വളർത്തുന്നതിന് അക്ഷീണം പരിശ്രമിക്കുക.

ഈശോയുടെ അതേ മനോഭാവം നിങ്ങളിലും ഉണ്ടായിരിക്കട്ടെ എന്ന് വിശുദ്ധ പൗലോസ് ആഹ്വാനം ചെയ്യുന്നുണ്ട്. ഒരു യഥാർത്ഥ സംലഭ്യത നമുക്കുണ്ടായിരിക്കണം. വാക്കുകളിലോ, മനോഭാവത്തിലോ ഒതുക്കേണ്ടതല്ല ഈ പുണ്യം. വാക്കുകൾകൊണ്ട് സംലഭ്യരാകുന്ന ഒത്തിരിപ്പേരുണ്ട്. യഥാർത്ഥ സംലഭ്യത അർത്ഥമാക്കുന്നത് ത്യാഗജീവിതമാണ്, പരിപൂർണ്ണമായ ഉരിഞ്ഞുമാറ്റലാണ്. തന്റെതന്നെ കാഴ്ചപ്പാടുകളോടും പതിവുകളോടും പ്രത്യേക താല്പര്യങ്ങളോടും ബന്ധങ്ങളോടുപോലുമുള്ള വിരക്തിയാണ് ഇത്. ഇങ്ങനെയായി തീർന്നാലേ നാം യഥാർത്ഥ സംലഭ്യരായി തീരുകയുള്ളൂ.

വേറൊരു ചവിട്ടുപടി അവിശ്വസ്തത ഇല്ലാതാക്കുക എന്നതാണ്. ലോകത്തിന് ഇന്ന് വിശ്വസ്തത എന്ന പുണ്യത്തിൽ ജീവിക്കുന്നതിനുള്ള കഴിവുകേട് വളരെയധികം അനുഭവപ്പെടുന്നു. ദൈവവുമായുള്ള ഉടമ്പടിയോടു വിശ്വസ്തരായിരിക്കുവാൻ സാധിക്കാത്ത ഇസ്രായേലിന്റെ ദുരന്തവും അസ്വസ്ഥത കാട്ടിയതിന്റെ പേരിൽ പ്രവാചകന്മാർ അവരെ ശാസിക്കുന്നതും പഴയനിയമത്തിൽ നാം വായിക്കുന്നുണ്ട്. വിശ്വസ്തനായിരിക്കാൻ പറ്റാത്ത മനുഷ്യന്റെ അവസ്ഥ പുതിയനിയമത്തിലും പ്രതിപാദിക്കുന്നുണ്ട്. ഓരോ ദിവസവും മുന്നോട്ടു പോകുന്തോറും ഇന്നിന്റെ മനുഷ്യന്റെ സ്ഥിതിയും മറ്റൊന്നല്ല. വിശ്വസ്തനായിരിക്കുവാൻ അവന് കൂടുതൽ വൈഷമ്യം അനുഭവപ്പെടുന്നു. ഫലമോ വിവാഹമോചനം, അബോർഷൻ ഇവയെല്ലാം സർവ്വസാധാരണമായി തീർന്നിരിക്കുന്നു. സമർപ്പിത-പൗരോഹിത്യ വിളികൾ ഉപേക്ഷിച്ചുപോകുന്നതും ഇതുകൊണ്ടുകൊണ്ടുതന്നെ. ദൈവം നമുക്കു തന്ന ഈ ജീവിതത്തോട് എത്രമാത്രം വിശ്വസ്തത പുലർത്തുവാൻ സാധിക്കുന്നുണ്ട് എന്ന് ആത്മശോധന ചെയ്യാനുള്ള ഒരു കാലം കൂടിയാണ് ഈ നോമ്പുകാലം.

മറ്റൊരു ചവിട്ടുപടി പ്രാർത്ഥനാജീവിതത്തിലുള്ള അലംഭാവം ഇല്ലാതാക്കുകയാണ്. ഒന്നിച്ചു പ്രാർത്ഥിക്കാത്ത കുടുംബം നിലനിൽക്കുകയില്ല. ദൈവത്തെ കൂടാതെ പ്രശ്നങ്ങൾക്കു തനിച്ചു പരിഹാരം കണ്ടെത്താൻ മനുഷ്യൻ ശ്രമിക്കുന്നു; അങ്ങനെ പ്രാർത്ഥനാ ജീവിതത്തിൽ മാന്ദ്യം വരുന്നു. ഈ ലോകത്തിൽ ക്രൈസ്തവന്റെ സാന്നിധ്യം പലപ്പോഴും ഉറകെട്ടുപോയ ഉപ്പുപോലെയും വെളിച്ചമില്ലാത്ത വിളക്കുപോലെയുമാകുന്നു. നാം ലോകത്തിന് ഒത്തിരി നന്മ ചെയ്യുന്നു എന്ന ചിന്തയാണ് നമുക്കുള്ളത്. എന്നാൽ ദൈവത്തെ കൂടാതെയുള്ള നമ്മുടെ പ്രവർത്തനങ്ങളൊന്നും നിലനിൽക്കുകയില്ല. ഉണർന്നിരുന്ന് ജാഗ്രതയോടെ പ്രാർത്ഥിക്കുക; ദൈവസന്നിധ്യത്തിലേക്ക് ഉണർവുണ്ടാകുക... നോമ്പുകാലം അതിനാണ് നമ്മെ ആഹ്വാനം ചെയ്യുന്നത്.




# കർത്താവാണെൻ ബലം

മങ്ങാടൻ

**ജോ**യ്സി ജയ്സൺ.... നാൽപത്തിയെട്ടു വയസ്സുള്ള, അഞ്ചു മക്കളുടെ അമ്മ. ജീസസ് യൂത്ത് ആരാമത്തിൽനിന്നും സ്വർഗ്ഗീയാരാമത്തിലേക്കു മാടിവിളിക്കപ്പെട്ട സഹനസൂനം.

രോഗത്തിന്റെ അവശതകൾ വല്ലാതെ അലട്ടുമ്പോഴും പരിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുന്നതിൽ മുടക്കം വരുത്താത്ത, പരി. കുർബാനയെ ഔഷധവും ജീവന് ആധാരവുമാക്കിയ അമ്മ. മക്കൾ ഉദരത്തിലായിരുന്നപ്പോൾത്തന്നെ അവർക്ക് മതബോധനം ആരംഭിച്ച അമ്മ. ഓരോ മക്കളെയും അവർ ഗർഭത്തിലായിരുന്നപ്പോൾത്തന്നെ വിശുദ്ധഗ്രന്ഥം മുഴുവൻ ഉറക്കെ വായിച്ചു കേൾപ്പിച്ച അമ്മ. തന്റെ സഹനങ്ങളെ ക്രൂശിതനോടു ചേർത്തു സ്വീകരിച്ച അമ്മ. തനിക്കുവേണ്ടിത്തന്നെ പ്രാർത്ഥിക്കാനറിയാത്ത അമ്മ. എന്നും ഈശോയോടൊത്തായിരിക്കുന്ന സ്വർഗ്ഗത്തെ സ്നേഹിച്ച, സ്വർഗ്ഗം സ്വന്തമാക്കാൻ യത്നിച്ച അമ്മ. കാൻസർ രോഗബാധിതയായി പതിനേഴു സർജറികളിലൂടെ കടന്നുപോയപ്പോഴും മരണത്തെ മുഖാമുഖം കണ്ടപ്പോഴും “ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്” (പുറ 15,26) എന്ന തിരുവചനം നെഞ്ചിലേറ്റി ഉറച്ചു വിശ്വസിച്ച അമ്മ. ഓരോ ജീവിത സാഹചര്യങ്ങളുടെയും അർത്ഥം വചനത്തിന്റെ ശക്തിയിൽ കണ്ടെത്തി ഈശോയിൽ ആനന്ദിച്ച അമ്മ. ജീവിതത്തിലെന്നും വചനത്തെ ഹൃദയത്തോടു ചേർത്തുവയ്ക്കുകയും മരണശേഷം വി. ഗ്രന്ഥം തന്റെ ഹൃദയത്തോടു ചേർത്തുവയ്ക്കണമെന്നാവശ്യപ്പെടുകയും ചെയ്ത, വചനത്തെ സ്നേഹിച്ച അമ്മ. ശരീരത്തിന്റെ പല

ഭാഗങ്ങളും കാൻസർ ബാധിതമായ അവസ്ഥയിലും ദൈവം തന്നെ രാജകീയമായി വഴിനടത്തുന്നതിനെക്കുറിച്ച് വാചാലയാകുന്ന അമ്മ. സ്വർഗ്ഗം ബലം നൽകിയ അമ്മ. മക്കളെ സ്വർഗ്ഗത്തിന്റെ പരിപാലനത്തിനു വിട്ടുകൊടുത്ത അമ്മ.

ഇവൾക്ക് ഇത് എങ്ങനെ സാധിക്കുന്നു എന്നതാണ് നമ്മുടെ ജീവിതത്തിന്റെ വെളിച്ചമായി മാറേണ്ട ചോദ്യം.

"കണ്ടാലും എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണു താനും" (1 യോഹ 3,1). അതെ, ദൈവത്തിന്റെ സ്നേഹത്തിൽ അന്ധമായി വിശ്വസിക്കുന്നവർക്കേ ചുട്ടുപോള്ളുന്ന ജീവിതാനുഭവങ്ങളെ ഇപ്രകാരം സമീപിക്കാനാവൂ.

എന്റെ ദൈവം എനിക്കു നൽകുന്നതെല്ലാം, അതു രോഗമാകട്ടെ, സഹനമാകട്ടെ, കടബാദ്ധ്യതയാകട്ടെ, ഒറ്റപ്പെടലുകളാകട്ടെ എല്ലാം ദൈവത്തിന്റെ സ്നേഹത്തലോടലായി കണ്ടു സ്വീകരിച്ചു തുടങ്ങുമ്പോൾ അതു നമ്മിൽ കൃപയുടെ ഒഴുക്കിന്റെ ആരംഭമാവുകയാണ്. എന്റെ ജീവിതത്തിന്റെ അനിശ്ചിതത്വങ്ങളെ ദൈവത്തിനു പ്രവർത്തിക്കുവാനുള്ള ഇടമാക്കുന്നിടത്ത് ദൈവാനുഗ്രഹത്തിന്റെ കൃപാമാരി വർഷിക്കപ്പെടുകയാണ്. "കർത്താവു നിനക്കു കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽനിന്നു മറഞ്ഞിരിക്കുകയില്ല" (ഏശ 30,20).

ഈശോയുടെ സഹനാനുഭവങ്ങളെ ധ്യാനിക്കുന്ന നോമ്പനുഭവത്തിലൂടെ കടന്നു പോകുമ്പോൾ അവിടുന്നെങ്ങനെ കുരിശിനെ പുൽകി എന്ന ചിന്തയ്ക്കുത്തരം വിശുദ്ധ ഗ്രന്ഥം തന്നെ സാക്ഷ്യപ്പെടുത്തുന്നതിപ്രകാരമല്ലേ: 'അപ്പാ എന്റെ ഇഷ്ടമല്ല; നിന്റെ ഇഷ്ടം നിറവേറട്ടെ.'

പ്രിയമുള്ളവരേ, ജീവിതത്തിൽ മനസ്സുമടുക്കുന്ന, കണ്ണു നിറയുന്ന, ഹൃദയം പിടയുന്ന അനുഭവങ്ങളിൽ കുരിശു നമ്മെ ബലപ്പെടുത്തട്ടെ. കൃപ അവനിൽ മാത്രം! കൃപ നിറഞ്ഞ, പരിശുദ്ധാത്മാഭിഷേകം നിറഞ്ഞ ജീവിതംവഴി എല്ലാ അനുഭവങ്ങളുടെ മുമ്പിലും ആനന്ദത്തോടെ ആമേൻ പറയുവാൻ നമുക്കും ബലപ്പെടാം.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



**റോസ് മേരി കുമ്പളത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, അങ്ങയുടെ പ്രിയപുത്രൻ മരുഭൂമിയിൽ പരീക്ഷിക്കപ്പെട്ടപ്പോൾ അവയെ അതിജീവിച്ചതുപോലെ ഞങ്ങൾക്കുണ്ടാകുന്ന പ്രലോഭനങ്ങളെ അതിജീവിച്ച് ദൈവേഷ്ടപ്രകാരം ജീവിക്കുന്നവരാകാൻ അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, അങ്ങയുടെ പ്രിയപുത്രൻ പാപികളെ രക്ഷിക്കുവാനായി പീഡകൾ സഹിച്ചല്ലോ. ദൈവസ്നേഹത്തിൽനിന്നും അകന്നു നില്ക്കുന്നവരെയെല്ലാം ദൈവസന്നിധിയിലെത്തിക്കാൻവേണ്ടി ഞങ്ങൾക്കുണ്ടാകുന്ന സഹനങ്ങളെല്ലാം സ്നേഹത്തോടെ സ്വീകരിക്കുവാൻ അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, കുരിശെടുത്ത് തന്നെ അനുഗമിക്കുവാൻ ആഹ്വാനം ചെയ്ത ഈശോയുടെ വാക്കുകൾക്കനുസൃതം അനുനിമിഷം അവിടുത്തെ അനുഗമിക്കുന്നവരാകാൻ അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം: :**

പരിശുദ്ധ അമ്മേ, ലോകം മുഴുവൻ നേടിയാലും ആത്മാവു നഷ്ടപ്പെട്ടാൽ എന്തു പ്രയോജനം എന്ന ഈശോയുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് ആത്മരക്ഷയ്ക്ക് ഉതകുംവിധം ജീവിതം നയിക്കാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


**അഞ്ചാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, അങ്ങയുടെ തിരുക്കുമാരൻ പഠിപ്പിച്ചതുപോലെ പാപത്തെ വെറുക്കുവാനും പാപികളെ സ്നേഹിക്കുവാനും അവരോടു കരുണ കാണിക്കുവാനും അവർക്കായി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാനുമുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

“കർത്താവ് അരുളിച്ചെയ്യുന്നു:
ഇവയെല്ലാം എന്റെ കരവേലയാണ്.
ഇവയെല്ലാം എന്റേതുതന്നെ.
ആത്മാവിൽ എളിമയും അനുതാപവും ഉണ്ടായിരിക്കുകയും
എന്റെ വചനം ശ്രവിക്കുമ്പോൾ
വിറയ്ക്കുകയും ചെയ്യുന്നവനെയാണു
ഞാൻ കടാക്ഷിക്കുക”.

(ഏശ 66,2)



“അങ്ങയുടെ വചനം
എന്റെ പാദത്തിനു വിളക്കും
പാതയിൽ പ്രകാശവുമാണ്”.
(സങ്കീ 119,105)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)

RNI: KERMAL/2014/59983
Published on 24th March 2025



"നല്ലിടയൻ നീ കർത്താവേ,
ഞങ്ങൾക്കായ് സ്വയമർപ്പിച്ചു;
നിൻ ജനമാമജവൃന്ദത്തിൽ
കൃപ വർഷിക്കാൻ കനിയണമേ.

ഞങ്ങൾക്കായ് ബലിയായവനേ,
ദൈവത്തിൻസുതനിശോയേ,
കാരുണ്യത്തിൻ തികവിൽ നീ
നിൻ തിരുസഭയെ കാക്കണമേ.

മാനവരാകും ഞങ്ങൾതൻ
രക്ഷയ്ക്കായ് ബലിയായവനേ,
സ്ലീവായാൽ പരിരക്ഷിതമാം
സഭയിൽ നിൻ ദയ ചൊരിയണമേ".

(പീഡാനുഭവവെള്ളി - ലെലിയാ)

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal